# കേരള സ്കൂൾ കലോത്സവം

## മാനുവൽ

പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ
2008

# കേരള സ്കൂൾ കലോത്സവം

## മാനുവൽ

## ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| | മുഖവുര | 3 |
| 1 | പൊതു നിർദ്ദേശങ്ങൾ | 5 |
| 2 | കാറ്റഗറി Iലെ മത്സരങ്ങൾ | 7 |
| 3 | കാറ്റഗറി IIലെ മത്സരങ്ങൾ | 9 |
| 4 | കാറ്റഗറി IIIലെ മത്സരങ്ങൾ | 11 |
| 5 | കാറ്റഗറി IVലെ മത്സരങ്ങൾ | 17 |
| 6 | സംസ്കൃതോത്സവം | 22 |
| 7 | അറബിക് സാഹിത്യോത്സവം | 25 |
| 8 | കലോത്സവം– നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ | 28 |
| 9 | ഉപജില്ലാ കലോത്സവം–നിബന്ധനകൾ | 29 |
| 10 | റവന്യൂജില്ലാ കലോത്സവം– നിബന്ധനകൾ | 34 |
| 11 | സംസ്ഥാന സ്കൂൾ കലോത്സവം– നിബന്ധനകൾ | 39 |
| 12 | അപ്പീൽ കമ്മിറ്റി | 50 |
| 13 | കേരള സ്കൂൾ കലോത്സവം– പൊതു നിബന്ധനകൾ | 55 |
| | അനുബന്ധം I മൂല്യനിർണ്ണയോപാധികൾ | 58 |
| | മൂല്യനിർണ്ണയോപാധികൾ –അറബിക് സാഹിത്യോത്സവം | 67 |
| | മൂല്യനിർണ്ണയോപാധികൾ –സംസ്കൃതോത്സവം | 70 |
| | അനുബന്ധം II | 75 |
| | അനുബന്ധം III | 76 |
| | അനുബന്ധം IV | 77 |
| | അനുബന്ധം V | 78 |

# മുഖവുര

പ്രീ–പ്രൈമറി മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തെ സമഗ്രമായി അവതരിപ്പിക്കുന്നതാണ് 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട്. പഠിതാവിന്റെ ധൈഷണികവും കലാപരവും കായികവുമായ കഴിവുകളുടെ സർവതല സ്പർശിയായ വളർച്ചയും വികാസവുമാണ് പാഠ്യപദ്ധതി ചട്ടക്കൂട് വിഭാവനം ചെയ്യുന്നത്. ഇത് 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനനുസൃതമായി രൂപപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ പാഠ്യപ്രവർത്തനങ്ങൾക്കെന്ന പോലെ പാഠ്യാനുബന്ധപ്രവർത്തനങ്ങൾക്കും സംയോജിതമായ രീതി ശാസ്ത്രവും തദനുസൃതമായ നിയമാവലിയും രൂപപ്പെടുത്തേണ്ടത് ആവശ്യമാണ്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമെന്ന നിലയ്ക്കാണ് ഹയർസെക്കൻഡറി/തൊഴിലധിഷ്ഠിത ഹയർസെക്കൻഡറി കോഴ്സുകളെ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കേരളത്തിലെ സവിശേഷ സാഹചര്യത്താൽ ഈ കോഴ്സുകൾ പ്രത്യേകമായി നിലനിൽക്കുകയാണ്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ മേഖലകളെ സംയോജിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കായിക മേള സംയോജിതമായിട്ടാണ് ഇപ്പോൾ നടത്തിപ്പോരുന്നത്. അതിനാൽ കലാമേളകളേയും സംയോജിപ്പിച്ച് നടത്തേണ്ടതിലേക്കായി ഒരു പൊതു നിയമാവലി തയ്യാറാക്കേണ്ടതുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് നിലവിലുള്ള വ്യത്യസ്തങ്ങളായ മൂന്നു നിയമാവലികളെ സംയേജിപ്പിച്ചു കൊണ്ട് **"കേരള സ്കൂൾ കലോത്സവമാനുവൽ"** പ്രസിദ്ധീകരിക്കുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ കേരള സ്കൂൾ കലോത്സവ മാനുവൽ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 39544/എൻ3/06/പൊ.വി. തീയതി 16.10.08 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മത്സരാർത്ഥികളുടെ കലാപരമായ കഴിവുകളുടെ യഥാതഥമായ പ്രകാശനമെന്നതിനപ്പുറം അനാരോഗ്യകരമായ മത്സരത്തിന്റെയും വിത്തപ്രതാപത്തിന്റെയും പ്രകടനമായി കലോത്സവ/യുവജനോത്സവ വേദികൾ അധഃപതിച്ചുവെന്ന് മുൻകാലങ്ങളിൽ ആക്ഷേപം ഉയർന്നിരുന്നു. എന്നുമാത്രമല്ല സംസ്ഥാനതലത്തിൽ മൂന്നു വകുപ്പുകൾക്കായി വ്യത്യസ്ത കലോത്സവങ്ങൾ നടത്തിയിരുന്നതിനാൽ ധനപരമായ പാഴ്ച്ചെലവും അദ്ധ്യയന ദിനങ്ങളുടെ നഷ്ടവും സംഭവിച്ചിരുന്നു. കലോത്സവ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരുടെ അക്കാദമികമായ പ്രവൃത്തി ദിനങ്ങളുടെ നഷ്ടവും കൂടി കണക്കാക്കുമ്പോൾ പഠനസംബന്ധമായി വിദ്യാർത്ഥികൾക്ക് വൻ നഷ്ടമാണുണ്ടാകുന്നത്. ഇതൊഴിവാക്കേണ്ടതണെന്ന് പൊതുജനാഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

മേൽപ്പറഞ്ഞ ആക്ഷേപങ്ങളും വിമർശനങ്ങളും കണക്കിലെടുത്തുകൊണ്ടും സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭമതികളുടെ ഉപദേശ-നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുമാണ് ഈ നിയമാവലി തയ്യാറാക്കിയിട്ടുള്ളത്. സാമൂഹ്യ പ്രവർത്തകർ, അദ്ധ്യാപകർ, വിവിധ കലാസാംസ്കാരിക സംഘടനകൾ, അതാതു കലാവിഭാഗങ്ങളിലെ വിദഗ്ധന്മാർ, രക്ഷാകർത്താക്കൾ, വിദ്യാഭ്യാസ വകുപ്പിലെ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ എന്നിവരുടെ നിർദ്ദേശങ്ങൾ ഇതിന്റെ രൂപീകരണത്തിന് സഹായകമായിട്ടുണ്ട്.

സ്കൂൾ കലോത്സവത്തിന്റെ സംഘാടനം കുറ്റമറ്റതാക്കുന്നതോടൊപ്പം വിധി നിർണയം വസ്തുനിഷ്ഠമാക്കാനും കലാ-സാഹിത്യരംഗത്തെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ഈ മാനുവൽ സഹായകരമായിരിക്കുമെന്ന് പ്രത്യാശിക്കുന്നു. ഈ സംരംഭത്തിന് വിവിധ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും വിദ്യാഭ്യാസവകുപ്പിനു ലഭിച്ച ഉപദേശ നിർദ്ദേശങ്ങൾക്ക് ഹൃദയപൂർവ്വം നന്ദിരേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
തീയതി : 16.10.2008

**സെക്രട്ടറി**
**പൊതുവിദ്യാഭ്യാസ വകുപ്പ്.**

## അദ്ധ്യായം - 1

1.01 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ ഗവൺമെന്റ്/എയിഡഡ്/അൺഎയിഡഡ് (അംഗീകൃതം) സ്കൂളുകളിലെ എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ കുട്ടികളുടെ കലോത്സവം **"കേരള സ്കൂൾ കലോത്സവം"** എന്ന പേരിൽ അറിയപ്പെടുന്നതാണ്.

1.02 <u>നിലവിലുള്ള എല്ലാ കലോത്സവ മാനുവലുകളും ഇതിനാൽ അസാധുവാകുന്നതാണ്.</u>

1.03 താഴെപ്പറയുന്ന നാല് വിഭാഗങ്ങളായിട്ടാണ് മത്സരം നടക്കുക.

കാറ്റഗറി - I - ക്ലാസ് ഒന്നു മുതൽ നാല് വരെ

കാറ്റഗറി - II - ക്ലാസ് അഞ്ച് മുതൽ ഏഴ് വരെ

കാറ്റഗറി - III - ക്ലാസ് എട്ട് മുതൽ പത്ത് വരെ

കാറ്റഗറി - IV - ക്ലാസ് പതിനൊന്ന് മുതൽ ക്ലാസ് പന്ത്രണ്ട് വരെ

1.04 കാറ്റഗറി - I ന്റെ മത്സരങ്ങൾ ഉപജില്ലാ തലത്തിലും, കാറ്റഗറി - II ന്റെ മത്സരങ്ങൾ റവന്യൂ ജില്ലാ തലത്തിലും കാറ്റഗറി-III, കാറ്റഗറി-IV എന്നിവയുടെ മത്സരങ്ങൾ സംസ്ഥാന തലത്തിലും അവസാനിക്കുന്നതാണ്.

1.05 മത്സരത്തിൽ 50% താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. 50%മോ അതിൽ അധികമോ മാർക്ക് കിട്ടുന്ന ഇനങ്ങളെ എ,ബി,സി.എന്നീ മൂന്ന് ഗ്രേഡുകളായി തിരിക്കുന്നതാണ്. ഓരോ ഗ്രേഡിനും താഴെ കാണുന്നവിധം പോയിന്റ് ലഭിക്കും.

| **ഗ്രേഡ്** | **മാർക്ക് ശതമാനം** | **ലഭിക്കുന്ന പോയിന്റ്** |
|---|---|---|
| എ | 70%മോ അതിലധികമോ മാർക്ക് | 5 |
| ബി | 60% മുതൽ 69% വരെ മാർക്ക് | 3 |
| സി | 50% മുതൽ 59% വരെ മാർക്ക് | 1 |

സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ എല്ലാ കാറ്റഗറികളിലെ വിവിധ ഇനങ്ങൾക്കും ഇത് ബാധകമായിരിക്കും.

1.06 എ ഗ്രേഡ് ലഭിച്ച് ടോപ്സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം/ ഗ്രൂപ്പ് മാത്രമേ മേൽതല മത്സരത്തിന് അയയ്ക്കാവൂ.

1.07 വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ എൻട്രി സി.ഡി.യിൽ സ്കൂൾ/സബ്ജില്ല/റവന്യൂജില്ലാ/ സംസ്ഥാന തലങ്ങളിൽ തയ്യാറാക്കി തൊട്ടുയർന്ന തലത്തിലെ മത്സരങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

1.08 കുട്ടിക്ക് ലഭിക്കുന്ന ഗ്രേസ്മാർക്ക് തുടരുന്നതാണ്. എ,ബി,സി എന്നീ മൂന്ന് ഗ്രേഡുകൾ മാത്രമേ ഉണ്ടാവുകയുള്ളു. എ ഗ്രേഡിന് 30, ബി ഗ്രേഡിന് 24, സി ഗ്രേഡിന് 18 എന്നിങ്ങനെയാണ് ഗ്രേസ് മാർക്ക്.

1.09 കാറ്റഗറി IIIലെയും IVലെയും സംസ്ഥാനതല മത്സരങ്ങളിൽ ടോപ്സ്കോർ നേടിയ 3 പേർക്ക് 1000, 800, 600 രൂപാക്രമത്തിൽ പ്രൈസ്മണി നൽകുന്നതാണ്.

1.10 ഹയർ സെക്കണ്ടറി തലത്തിൽ നിലവിലുള്ള ക്ലേ മോഡലിംഗ് മത്സരം ഉണ്ടായിരിക്കുന്നതല്ല.

1.11 കാറ്റഗറി - 1 ലെ പ്രസംഗമത്സരത്തിനുള്ള വിഷയം രണ്ട് ദിവസം മുമ്പേ നൽകുന്നതാണ്. പക്ഷെ കാറ്റഗറി II, III, IV എന്നിവയ്ക്ക് പ്രസംഗ മത്സരത്തിനുള്ള വിഷയം മത്സരം തുടങ്ങുന്നതിന് 5 മിനിറ്റ് മുമ്പ് മാത്രമേ വിധി കർത്താക്കൾ നൽകുകയുള്ളൂ.

1.12 സംസ്ഥാന കലോത്സവത്തിന്റെ ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പുകൾ 3:2:1 എന്ന അനുപാതത്തിൽ സ്വരൂപിക്കേണ്ടതാണ്. ഈ നിധി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഒരു ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും മറ്റു രണ്ടു ഡയറക്ടർമാരുമായി കൂടിയാലോചിച്ച് ആവശ്യമായ ചെലവുകൾ നടത്തേണ്ടതുമാണ്.

## അദ്ധ്യായം - 2

## കാറ്റഗറി - I ലെ മത്സരങ്ങൾ

2.01 സ്കൂൾ, ഉപജില്ല എന്നീ തലങ്ങളിൽ മാത്രമെ മത്സരങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

2.02 ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹൈസ്കൂൾ, ടി.ടി.ഐ. എന്നിവയോട് ചേർന്നുള്ള എൽ.പി. വിഭാഗത്തിലെ കുട്ടികളും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

2.03 ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല.

2.04 ഈ വിഭാഗത്തിന് താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| 1. പ്രസംഗം മലയാളം | 5 മിനിറ്റ് |
| 2. പദ്യം ചൊല്ലൽ മലയാളം | 5 മിനിറ്റ് |
| 3. പദ്യം ചൊല്ലൽ അറബിക് | 5 മിനിറ്റ് |
| 4. ചിത്രരചന പെൻസിൽ | 60 മിനിറ്റ് |
| 5. ചിത്ര രചന ജലച്ഛായം | 120 മിനിറ്റ് |
| 6. ലളിതഗാനം | 5 മിനിറ്റ് |
| 7. ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 8. മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 9. മോണോ ആക്ട് | 5 മിനിറ്റ് |
| 10. നാടോടിനൃത്തം | 5 മിനിറ്റ് |
| 11. കഥാകഥനം (ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 12. കടങ്കഥ (ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 13. ഭരതനാട്യം | 10 മിനിറ്റ് |
| 14. സംഘഗാനം (7 പേർ) | 10 മിനിറ്റ് |
| 15. സംഘനൃത്തം (7 പേർ) | 10 മിനിറ്റ് |
| 16. ദേശഭക്തിഗാനം (7 പേർ) | 5 മിനിറ്റ് |

2.05 1 മുതൽ 13 വരെയുള്ള ഇനങ്ങളിൽ "എ" ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 9 ഇനങ്ങളും 14 മുതൽ 16 വരെയുള്ള ഇനങ്ങളിൽ ടോപ്പ് സ്കോർ നേടിയ രണ്ട് ഗ്രൂപ്പുകളും ഉപജില്ലാ മത്സരത്തിന് അയക്കാവുന്നതാണ്.

2.06 ഒരു മത്സരാർത്ഥി വ്യക്തിഗത ഇനങ്ങളിൽ പരമാവധി 3 ഇനങ്ങളിലും, ഗ്രൂപ്പിനങ്ങളിൽ രണ്ടെണ്ണത്തിനും മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

2.07 ഉപജില്ലാ തലത്തിലെ തിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ കാറ്റഗറി ഒന്നിലെ നൃത്തേതര ഇനങ്ങൾ ക്ലസ്റ്റർ/ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ക്രീനിംഗ് നടത്തിയശേഷം ഉപജില്ലാതലത്തിൽ മത്സരിപ്പിക്കാവുന്നതാണ്.

## അദ്ധ്യായം - 3

## കാറ്റഗറി - IIലെ മത്സരങ്ങൾ

3.01 സ്കൂൾ/ ഉപജില്ല/റവന്യൂജില്ല എന്നീ മൂന്നു തലങ്ങളിൽ മത്സരം ഉണ്ടായിരിക്കും.

3.02 അഞ്ചു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹൈസ്കൂൾ, ടി.ടി.ഐ. എന്നിവയോട് ചേർന്നുള്ള യു.പി. വിഭാഗത്തിലെ കുട്ടികളും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

3.03 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല.

3.04 ഈ വിഭാഗത്തിൽ താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| 1. പ്രസംഗം മലയാളം | 5 മിനിറ്റ് |
| 2. പ്രസംഗം ഇംഗ്ലീഷ് | 5 മിനിറ്റ് |
| 3. പ്രസംഗം ഹിന്ദി | 5 മിനിറ്റ് |
| 4. പദ്യം ചൊല്ലൽ മലയാളം | 5 മിനിറ്റ് |
| 5. പദ്യം ചൊല്ലൽ ഇംഗ്ലീഷ് | 5 മിനിറ്റ് |
| 6. പദ്യം ചൊല്ലൽ അറബിക് | 5 മിനിറ്റ് |
| 7. പദ്യം ചൊല്ലൽ ഉറുദു | 5 മിനിറ്റ് |
| 8. പദ്യം ചൊല്ലൽ ഹിന്ദി | 5 മിനിറ്റ് |
| 9. അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും |
| 10. ലളിതഗാനം | 5 മിനിറ്റ് |
| 11. ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 12. മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 13. നാടോടി നൃത്തം | 5 മിനിറ്റ് |
| 14. ചിത്രരചന (പെൻസിൽ) | 120 മിനിറ്റ് |
| 15. ചിത്രരചന (ജലച്ചായം) | 120 മിനിറ്റ് |

| | |
|---|---|
| 16. ഭരതനാട്യം | 10 മിനിറ്റ് |
| 17. മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് |
| 18. കുച്ചുപ്പുടി | 10 മിനിറ്റ് |
| 19. മോണോ ആക്ട് | 5 മിനിറ്റ് |
| 20. കഥാപ്രസംഗം (1+4 പിന്നണി) (പിന്നണി കുട്ടികളായിരിക്കണം) | 10 മിനിറ്റ് |
| 21 ഓട്ടൻതുള്ളൽ | 10 മിനിറ്റ് |
| 22. കഥാരചന (മലയാളം) | 120 മിനിറ്റ് |
| 23. കവിതാരചന (മലയാളം) | 120 മിനിറ്റ് |
| 24. കഥാരചന (ഹിന്ദി) | 120 മിനിറ്റ് |
| 25. സംഘഗാനം (7 പേർ) | 10 മിനിറ്റ് |
| 26. തിരുവാതിര (10 പേർ) | 10 മിനിറ്റ് |
| 27. ഒപ്പന (10 പേർ) | 10 മിനിറ്റ് |
| 28. സംഘനൃത്തം (7 പേർ ) | 10 മിനിറ്റ് |
| 29. ദേശഭക്തിഗാനം (7 പേർ) | 5 മിനിറ്റ് |
| 30. നാടകം (7+3 പിന്നണി) പിന്നണി കുട്ടികൾ ആയിരിക്കണം. | 30 മിനിറ്റ്. |

3.05 1 മുതൽ 24 വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 12 ഇനങ്ങളും 25 മുതൽ 30 വരെയുള്ള ഗ്രൂപ്പിനങ്ങളിൽ ടോപ്പ് സ്കോർ നേടിയ 3 ഗ്രൂപ്പ് ഇനങ്ങളും ഉപജില്ലാ മത്സരത്തിന് അയക്കാവുന്നതാണ്.

3.06 ഉപജില്ലാതല മത്സരത്തിൽ എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ ഇനങ്ങൾ മാത്രമേ റവന്യൂജില്ലാ മത്സരത്തിന് അയക്കാവൂ.

3.07 ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാവൂ.

## അദ്ധ്യായം - 4

## കാറ്റഗറി - III ലെ മത്സരങ്ങൾ

4.01 സ്കൂൾ, ഉപജില്ല, റവന്യൂ ജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിൽ മത്സരം ഉണ്ടായിരിക്കും.

4.02 എട്ട് മുതൽ പത്തു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളാണ് ഈ കാറ്റഗറിമയിലെ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

4.03 മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നതു പോലെ 13 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

### വിഭാഗം - 1

| ഇനം | സമയം | അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|
| 1. ചിത്ര രചന പെൻസിൽ | 120 മിനിറ്റ് | എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം (4 കുട്ടികൾ) |
| 2. ചിത്രരചന - ജലച്ഛായം | 120 മിനിറ്റ് | |
| 3. ചിത്രരചന - എണ്ണച്ഛായം | 120 മിനിറ്റ് | |
| 4. കാർട്ടൂൺ | 60 മിനിറ്റ് | |

### വിഭാഗം - 2

| | | |
|---|---|---|
| 1. ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2. ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | |
| 3. കഥകളി സംഗീതം (ആൺ) | 10 മിനിറ്റ് | |
| 4. കഥകളി സംഗീതം (പെൺ) | 10 മിനിറ്റ് | |

<u>വിഭാഗം - 3</u>

| | | |
|---|---|---|
| 1. ലളിത ഗാനം (ആൺ) | 5 മിനിറ്റ് | എ ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2. ലളിത ഗാനം (പെൺ) | 5 മിനിറ്റ് | |
| 3. മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | |
| 4. മാപ്പിളപ്പാട്ട് (പെൺ) | 5മിനിറ്റ് | |

<u>വിഭാഗം - 4</u>

| | | |
|---|---|---|
| 1. വീണ | 10 മിനിറ്റ് | പൊതുമത്സരം<br>എ ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 3 ഇനം (3 കുട്ടികൾ) |
| 2. വയലിൻ (പാശ്ചാത്യം) | 10 മിനിറ്റ് | |
| 3. വയലിൻ (പൗരസ്ത്യം) | 10 മിനിറ്റ് | |
| 4. ഓടക്കുഴൽ | 10 മിനിറ്റ് | |
| 5. നാദസ്വരം | 10 മിനിറ്റ് | |
| 6. ചെണ്ട(തായമ്പക) (1+5)<br>(പിന്നണി കുട്ടികളായിരിക്കണം) | 10മിനിറ്റ് | |
| 7. ഗിത്താർ (പാശ്ചാത്യം ) | 10 മിനിറ്റ് | |
| 8. തബല | 10 മിനിറ്റ് | |
| 9. മൃദംഗം/ഗഞ്ചിറ/ഘടം | 10 മിനിറ്റ് | |
| 10. മദ്ദളം (1+3)<br>പിന്നണി കുട്ടികൾ ആയിരിക്കണം | 10 മിനിറ്റ് | |

**വിഭാഗം - 5**

| | | |
|---|---|---|
| 1. കഥകളി സിംഗിൾ (ആൺ ) | 15 മിനിറ്റ് | എ ഗ്രേഡോടെ ടോപ് സ് കോർ നേടിയ 3 ഇനം (3 കുട്ടികൾ) |
| 2. കഥകളി സിംഗിൾ (പെൺ) | 15 മിനിറ്റ് | |
| 3. ഓട്ടൻതുള്ളൽ (ആൺ) (പറയൻ തുള്ളൽ/ഓട്ടൻതുള്ളൽ ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | |
| 4. ഓട്ടൻ തുള്ളൽ (പെൺ) (പറയൻ തുള്ളൽ/ഓട്ടൻതുള്ളൽ ശീതങ്കൻ തുള്ളൽ) | 10മിനിറ്റ് | |
| 5. നാടോടി നൃത്തം (ആൺ) | 5 മിനിറ്റ് | |
| 6. നാടോടി നൃത്തം (പെൺ) | 5 മിനിറ്റ് | |
| 7. ചാക്യാർകൂത്ത് (ആൺ) | 20 മിനിറ്റ് | |

**വിഭാഗം - 6**

| | | |
|---|---|---|
| 1. ഭരതനാട്യം ( ആൺ ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ് സ് കോർ നേടിയ 3 ഇനം (3 കുട്ടികൾ) |
| 2. ഭരതനാട്യം (പെൺ ) | 10 മിനിറ്റ് | |
| 3. കുച്ചുപ്പുടി (ആൺ) | 10 മിനിറ്റ് | |
| 4. കുച്ചുപ്പുടി (പെൺ) | 10 മിനിറ്റ് | |
| 5. മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് | |
| 6. കേരള നടനം (പൊതുമത്സരം) | 15 മിനിറ്റ് | |

**വിഭാഗം -7**

| | | |
|---|---|---|
| 1. പ്രസംഗം (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 4 ഇനം<br>(4 കുട്ടികൾ) |
| 2. പ്രസംഗം (ഇംഗ്ലീഷ് ) | 5 മിനിറ്റ് | |
| 3. പ്രസംഗം (ഹിന്ദി) | 5 മിനിറ്റ് | |
| 4. കവിതാരചന (മലയാളം) | 120 മിനിറ്റ് | |
| 5. കഥാരചന (മലയാളം) | 120 മിനിറ്റ് | |
| 6. കവിതാരചന (ഹിന്ദി) | 120 മിനിറ്റ് | |
| 7. കഥാരചന (ഹിന്ദി) | 120 മിനിറ്റ് | |
| 8. ഉപന്യാസം (മലയാളം) | 60 മിനിറ്റ് | |
| 9. ഉപന്യാസം (ഇംഗ്ലീഷ്) | 60 മിനിറ്റ് | |
| 10. ഉപന്യാസം (ഹിന്ദി) | 60 മിനിറ്റ് | |
| 11. ഉപന്യാസം (ഉറുദു) | 60 മിനിറ്റ് | |
| 12. കഥാരചന (ഉറുദു) | 120 മിനിറ്റ് | |
| 13. കവിതാരചന (ഉറുദു) | 120 മിനിറ്റ് | |

**വിഭാഗം -8**

| | | |
|---|---|---|
| 1. പദ്യം ചൊല്ലൽ (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഇനം<br>(3 കുട്ടികൾ) |
| 2. പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | 5 മിനിറ്റ് | |
| 3. പദ്യം ചൊല്ലൽ (ഹിന്ദി) | 5 മിനിറ്റ് | |
| 4. പദ്യം ചൊല്ലൽ (അറബി) | 5 മിനിറ്റ് | |
| 5. പദ്യം ചൊല്ലൽ (ഉറുദു) | 5 മിനിറ്റ് | |
| 6. പദ്യം ചൊല്ലൽ (തമിഴ്) | 5 മിനിറ്റ് | |
| 7. പദ്യം ചൊല്ലൽ (കന്നട) | 5 മിനിറ്റ് | |
| 8. അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും. | |
| 9. കാവ്യകേളി | ,, | |

<u>വിഭാഗം -9</u>

| | | |
|---|---|---|
| 1. മോണോ ആക്ട് (ആൺ) | 5 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2. മോണോ ആക്ട് (പെൺ) | 5 മിനിറ്റ് | |
| 3. മിമിക്രി (ആൺ ) | 5 മിനിറ്റ് | |
| 4. മിമിക്രി (പെൺ ) | 5 മിനിറ്റ് | |
| 5.കഥാപ്രസംഗം (പൊതുമത്സരം) (1+4 പിന്നണി) പിന്നണി കുട്ടികൾ ആയിരിക്കണം | 15 മിനിറ്റ് | |

<u>വിഭാഗം -10</u>

| | | |
|---|---|---|
| 1. പരിചമുട്ട് 8 പേർ (ആൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഗ്രൂപ്പ് |
| 2. പൂരക്കളി 12 പേർ (ആൺ) | 10 മിനിറ്റ് | |
| 3. കോൽക്കളി 12 പേർ (ആൺ) | 10 മിനിറ്റ് | |
| 4. അറബനമുട്ട് 10 പേർ (ആൺ) | 10 മിനിറ്റ് | |
| 5. ദഫ്മുട്ട് 10 പേർ (ആൺ) | 10 മിനിറ്റ് | |

<u>വിഭാഗം -11</u>

| | | |
|---|---|---|
| 1. മാർഗ്ഗംകളി 7 പേർ (പെൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഗ്രൂപ്പ് |
| 2. തിരുവാതിരക്കളി 10 പേർ (പെൺ) | 10 മിനിറ്റ് | |
| 3. ഒപ്പന 10 പേർ (പെൺ ) | 10 മിനിറ്റ് | |
| 4. വട്ടപ്പാട്ട് 10 പേർ | 10 മിനിറ്റ് | |
| 5. സംഘനൃത്തം 7 പേർ (പെൺ) | 10 മിനിറ്റ് | |
| 6. കഥകളി ഗ്രൂപ്പ് (പൊതുമത്സരം) 2 പേർ മുതൽ 4 പേർ വരെ | 30 മിനിറ്റ് | |

കുറിപ്പ്: ഒപ്പന (ആൺ) ഇനിമുതൽ വട്ടപ്പാട്ട് എന്നപേരിലാണ് അറിയപ്പെടുക.

**വിഭാഗം -12**

| | | |
|---|---|---|
| ഗാനമേള 7 പേർ<br>ഉപകരണങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണം. | 10 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഗ്രൂപ്പ് |
| ചെണ്ടമേളം 7 പേർ | 10 മിനിറ്റ് | |
| പഞ്ചവാദ്യം 7 പേർ | 20 മിനിറ്റ് | |
| നാടകം (7+3 പിന്നണി)<br>പിന്നണി കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് | |
| വൃന്ദവാദ്യം 7 പേർ | 10 മിനിറ്റ് | |

**വിഭാഗം -13**

| | | |
|---|---|---|
| ബാന്റ്മേളം 20 പേർ | 20 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഗ്രൂപ്പ് |
| ദേശഭക്തി ഗാനം 7 പേർ | 5 മിനിറ്റ് | |
| യക്ഷഗാനം 7 പേർ | 30 മിനിറ്റ് | |

4.04 സ്കൂൾ തലത്തിൽ എ ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ വിദ്യാർത്ഥിയെ മാനുവലിൽ പറഞ്ഞപ്രകാരം മത്സരത്തിന് അയക്കേണ്ടതാണ്.

4.05 ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാവൂ.

## അദ്ധ്യായം - 5

## കാറ്റഗറി - IV ലെ മത്സരങ്ങൾ

5.01 സ്കൂൾ, ഉപജില്ല, റവന്യൂ ജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിൽ മത്സരം ഉണ്ടായിരിക്കും.

5.02 ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 11,12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ കാറ്റഗറി മത്സരത്തിൽ പങ്കെടുക്കേണ്ടത്.

5.03 മത്സരയിനങ്ങൾ താഴെ കൊടുത്തിരിക്കുന്നതു പോലെ 11 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

### വിഭാഗം - 1

| | | |
|---|---|---|
| 1. ചിത്ര രചന - പെൻസിൽ | 120 മിനിറ്റ് | പൊതുമത്സരം |
| 2. ചിത്രരചന - ജലച്ഛായം | 120 മിനിറ്റ് | |
| 3. ചിത്രരചന - എണ്ണച്ഛായം | 1 20 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 4. കാർട്ടൂൺ | 60 മിനിറ്റ് | |
| 5. കൊളാഷ് | 120 മിനിറ്റ് | |

### വിഭാഗം - 2

| | | |
|---|---|---|
| 1. ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2. ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | |
| 3. ലളിത ഗാനം (ആൺ) | 5 മിനിറ്റ് | |
| 4.. ലളിത ഗാനം (പെൺ) | 5 മിനിറ്റ് | |
| 5. മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | |
| 6. മാപ്പിളപ്പാട്ട് (പെൺ) | 5മിനിറ്റ് | |
| 7. കഥകളി സംഗീതം (ആൺ) | 10 മിനിറ്റ് | |
| 8. കഥകളി സംഗീതം (പെൺ) | 10 മിനിറ്റ് | |

**വിഭാഗം - 3**

| | | |
|---|---|---|
| 1. ക്ലാരനറ്റ്/ ബ്യൂഗിൾ | 10 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഇനം (3 കുട്ടികൾ) |
| 2. നാദസ്വരം | 10 മിനിറ്റ് | |
| 3. വയലിൻ (പാശ്ചാത്യം) | 10 മിനിറ്റ് | |
| 4. വയലിൻ (പൗരസ്ത്യം) | 10 മിനിറ്റ് | |
| 5. ഗിത്താർ | 10 മിനിറ്റ് | |
| 6. ഓടക്കുഴൽ | 10 മിനിറ്റ് | |
| 7. വീണ /വിചിത്ര വീണ | 10 മിനിറ്റ് | |
| 8. ട്രിപ്പിൾ/ജാസ് (പാശ്ചാത്യം) | 10 മിനിറ്റ് | |
| 9. ചെണ്ട (തായമ്പക)(1+5)പിന്നണി* | 10 മിനിറ്റ് | |
| 10. മൃദംഗം | 10 മിനിറ്റ് | |
| 11. മദ്ദളം (1+3)പിന്നണി* | 10 മിനിറ്റ് | |
| 12. തബല | 10 മിനിറ്റ് | |

**വിഭാഗം - 4**

| | | |
|---|---|---|
| 1. ഓട്ടൻതുള്ളൽ (ആൺ) (പറയൻ തുള്ളൽ/ഓട്ടൻതുള്ളൽ ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 5 ഇനം (5 കുട്ടികൾ) |
| 2. ഓട്ടൻ തുള്ളൽ (പെൺ) (പറയൻ തുള്ളൽ/ഓട്ടൻതുള്ളൽ ശീതങ്കൻ തുള്ളൽ) | 10മിനിറ്റ് | |
| 3. കഥകളി സിംഗിൾ (ആൺ ) | 15 മിനിറ്റ് | |
| 4. കഥകളി സിംഗിൾ (പെൺ) | 15 മിനിറ്റ് | |
| 5. നാടോടി നൃത്തം സിംഗിൽ (ആൺ) | 5 മിനിറ്റ് | |
| 6. നാടോടി നൃത്തം സിംഗിൽ (പെൺ) | 5 മിനിറ്റ് | |
| 7. ഭരതനാട്യം ( ആൺ ) | 10 മിനിറ്റ് | |
| 8. ഭരതനാട്യം (പെൺ ) | 10 മിനിറ്റ് | |
| 9. കുച്ചുപ്പുടി (ആൺ) | 10 മിനിറ്റ് | |
| 10. കുച്ചുപ്പുടി (പെൺ) | 10 മിനിറ്റ് | |
| 11. ചാക്യാർകൂത്ത് (ആൺ) | 20 മിനിറ്റ് | |
| 12. കേരള നടനം (പൊതുമത്സരം) | 15 മിനിറ്റ് | |
| 13. മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് | |

*പിന്നണി കുട്ടികൾ ആയിരിക്കണം

<u>വിഭാഗം - 5</u>

| | | |
|---|---|---|
| 1. പ്രസംഗം (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 6 ഇനം (6 കുട്ടികൾ) |
| 2. പ്രസംഗം (ഇംഗ്ലീഷ് ) | 5 മിനിറ്റ് | |
| 3. പ്രസംഗം (ഹിന്ദി) | 5 മിനിറ്റ് | |
| 4. പ്രസംഗം (സംസ്കൃതം) | 5 മിനിറ്റ് | |
| 5. പ്രസംഗം (ഉറുദു) | 5 മിനിറ്റ് | |
| 6. ഉപന്യാസം (മലയാളം) | 60 മിനിറ്റ് | |
| 7. ഉപന്യാസം (ഇംഗ്ലീഷ്) | 60 മിനിറ്റ് | |
| 8. ഉപന്യാസം (അറബി) | 60 മിനിറ്റ് | |
| 9. ഉപന്യാസം (സംസ്കൃതം) | 60 മിനിറ്റ് | |
| 10. ഉപന്യാസം (ഹിന്ദി) | 60 മിനിറ്റ് | |
| 11. ഉപന്യാസം (ഉറുദു) | 60 മിനിറ്റ് | |
| 12. കഥാരചന (മലയാളം) | 120 മിനിറ്റ് | |
| 13. കഥാരചന (ഇംഗ്ലീഷ് ) | 120 മിനിറ്റ് | |
| 14. കഥാരചന (ഹിന്ദി) | 120 മിനിറ്റ് | |
| 15. കഥാരചന (അറബി) | 120 മിനിറ്റ് | |
| 16. കഥാരചന (സംസ്കൃതം) | 120 മിനിറ്റ് | |
| 17. കഥാരചന (ഉറുദു) | 120 മിനിറ്റ് | |
| 18. കവിതാരചന (മലയാളം) | 120 മിനിറ്റ് | |
| 19. കവിതാരചന (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 20. കവിതാരചന (ഹിന്ദി) | 120 മിനിറ്റ് | |
| 21.കവിതാരചന (അറബി) | 120 മിനിറ്റ് | |
| 22. കവിതാരചന (സംസ്കൃതം) | 120 മിനിറ്റ് | |
| 23. കവിതാരചന (ഉറുദു) | 120 മിനിറ്റ് | |

**<u>വിഭാഗം - 6</u>**

| | | |
|---|---|---|
| 1. പദ്യം ചൊല്ലൽ (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br><br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഇനം (3 കുട്ടികൾ) |
| 2. പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | 5 മിനിറ്റ് | |
| 3. പദ്യം ചൊല്ലൽ (ഹിന്ദി) | 5 മിനിറ്റ് | |
| 4. പദ്യം ചൊല്ലൽ (അറബി) | 5 മിനിറ്റ് | |
| 5. പദ്യം ചൊല്ലൽ (സംസ്കൃതം) | 5 മിനിറ്റ് | |
| 6. പദ്യം ചൊല്ലൽ (ഉറുദു) | 5 മിനിറ്റ് | |
| 7. പദ്യം ചൊല്ലൽ (തമിഴ്) | 5 മിനിറ്റ് | |
| 8. പദ്യം ചൊല്ലൽ (കന്നട) | 5 മിനിറ്റ് | |
| 9. അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും. | |
| 10. കാവ്യകേളി | ,, | |

**<u>വിഭാഗം - 7</u>**

| | | |
|---|---|---|
| 1. മോണോ ആക്ട് (ആൺ) | 5 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2. മോണോ ആക്ട് (പെൺ) | 5 മിനിറ്റ് | |
| 3. മിമിക്രി (ആൺ ) | 5 മിനിറ്റ് | |
| 4. മിമിക്രി (പെൺ ) | 5 മിനിറ്റ് | |
| 5.കഥാപ്രസംഗം (പൊതുമത്സരം) (1+4 പിന്നണി) പിന്നണി കുട്ടികൾ ആയിരിക്കണം | 15 മിനിറ്റ് | |

**<u>വിഭാഗം -8</u>**

| | | |
|---|---|---|
| 1. സംഘനൃത്തം 7 പേർ (പെൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഗ്രൂപ്പ് |
| 2. തിരുവാതിര 10 പേർ (8+2) (പെൺ) | 10 മിനിറ്റ് | |
| 3. മാർഗ്ഗംകളി 7 പേർ (പെൺ) | 10 മിനിറ്റ് | |
| 4. ഒപ്പന 10 പേർ (പെൺ) | 10 മിനിറ്റ് | |
| 5. വട്ടപ്പാട്ട് * 10 പേർ | 10 മിനിറ്റ് | |
| 6. കഥകളി ഗ്രൂപ്പ് കുറഞ്ഞത് 2 പേർ (പൊതുമത്സരം) | 30 മിനിറ്റ് | |

*കുറിപ്പ് : ഒപ്പന (ആൺ) ഇനിമുതൽ വട്ടപ്പാട്ട് എന്നാണ് അറിയപ്പെടുക.

<u>വിഭാഗം -9</u>

| | | |
|---|---|---|
| 1. സംഘഗാനം 7 പേർ | 10 മിനിറ്റ് | പൊതുമത്സരം<br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 3 ഗ്രൂപ്പ് |
| 2. നാടകം (7 +3)10 പേർ<br>(പിന്നണി കുട്ടികളായിരിക്കണം) | 30 മിനിറ്റ് | |
| 3. മൂകാഭിനയം 7 പേർ (6+1) | 5 മിനിറ്റ് | |
| 4. വൃന്ദവാദ്യം 7 പേർ | 10 മിനിറ്റ് | |
| 5. ചെണ്ടമേളം 7 പേർ | 10 മിനിറ്റ് | |
| 6. പഞ്ചവാദ്യം 7 പേർ | 10 മിനിറ്റ് | |
| 7. കൂടിയാട്ടം 7 പേർ | 30 മിനിറ്റ് | |
| 8. സ്കിറ്റ് (ഇംഗ്ലീഷ് ) 7 പേർ | 10 മിനിറ്റ് | |

<u>വിഭാഗം -10</u>

| | | |
|---|---|---|
| 1. പരിചമുട്ട് കളി 8 പേർ (ആൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഗ്രൂപ്പ് |
| 2. അറബനമുട്ട് 10 പേർ (ആൺ) | 10 മിനിറ്റ് | |
| 3. കോൽക്കളി 12 പേർ (ആൺ) | 10 മിനിറ്റ് | |
| 4. ദഫ്മുട്ട് 10 പേർ (ആൺ) | 10 മിനിറ്റ് | |
| 5. പൂരക്കളി 12 പേർ (ആൺ) | 10 മിനിറ്റ് | |

<u>വിഭാഗം -11</u>

| | | |
|---|---|---|
| 1. ബാന്റ്മേളം ( 20 പേർ) | 20 മിനിറ്റ് | പൊതുമത്സരം<br>എ ഗ്രേഡോടെ ടോപ്സ്കോർ നേടിയ 2 ഗ്രൂപ്പ് |
| 2. ദേശഭക്തി ഗാനം ( 7 പേർ) | 5 മിനിറ്റ് | |

5.04 ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാവൂ.

## അദ്ധ്യായം 6

## സംസ്കൃതോത്സവം

6.01 സംസ്കൃതം ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മാത്രമെ സംസ്കൃതോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.

6.02 സ്കൂൾ കലോത്സവ മാനുവലിലെ നിബന്ധനകൾ സംസ്കൃതോത്സവത്തിനും ബാധകമാണ്.

### കാറ്റഗറി - 1 (V-VII)

6.03 ഈ കാറ്റഗറിയിൽ 5 മുതൽ 7 വരെ ക്ലാസ്സുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.04 സ്കൂൾ, ഉപജില്ല, റവന്യൂജില്ല എന്നീ മൂന്ന് തലങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

6.05 ഓരോ ഇന-ത്തിലും എ ഗ്രേഡ് ലഭിച്ച് ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമെ അടുത്ത തലത്തിലുളള മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

6.06 മത്സര ഇനങ്ങൾ താഴെ കൊടുത്തതുപോലെ 17 ആയി തിരിച്ചിരിക്കുന്നു.

| | |
|---|---|
| 1. ഉപന്യാസ രചന (പൊതുമത്സരം ) | 90 മിനിറ്റ് |
| 2. കഥാരചന (പൊതുമത്സരം ) | 90 മിനിറ്റ് |
| 3. കവിതാ രചന (പൊതുമത്സരം ) | 90 മിനിറ്റ് |
| 4. സമസ്യാപൂരണം (പൊതുമത്സരം ) | 90 മിനിറ്റ് |
| 5. അക്ഷരശ്ലോകം - പൊതുമത്സരം | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 6. പ്രശ്നോത്തരി പൊതുമത്സരം | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 7. പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് |
| 8. പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് |
| 9. സിദ്ധരൂപോച്ചാരണം (ആൺ) | 5 മിനിറ്റ് |
| 10. സിദ്ധരൂപോച്ചാരണം (പെൺ) | 5 മിനിറ്റ് |
| 11. ഗാനാലാപനം (ആൺ) | 5 മിനിറ്റ് |
| 12. ഗാനാലാപനം (പെൺ) | 5 മിനിറ്റ് |
| 13. കഥാകഥനം ( പൊതുമത്സരം) | 5 മിനിറ്റ് |
| 14. ഗദ്യപാരായണം ( പൊതുമത്സരം) | 5 മിനിറ്റ് |
| 13. പ്രഭാഷണം ( പൊതുമത്സരം) | 5 മിനിറ്റ് |
| 14. സംഘഗാനം (7 പേർ) പൊതുമത്സരം | 5 മിനിറ്റ് |
| 15. നാടകം (7+3 പിന്നണി) പൊതുമത്സരം<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 16. വന്ദേമാതരം (7 പേർ) പൊതുമത്സരം | 70 സെക്കന്റ് |
| 17. കൂടിയാട്ടം (7 പേർ) പൊതുമത്സരം | 30 മിനിറ്റ് |

## കാറ്റഗറി II (VIII -X)

6.06 ഈ കാറ്റഗറിയിൽ 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.07 സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.

6.08 മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നതു പോലെ 19 ആയി തിരിച്ചിരിക്കുന്നു.

| | |
|---|---|
| 1. ഉപന്യാസ രചന(പൊതുമത്സരം) | 90 മിനിറ്റ് |
| 2. കഥാരചന(പൊതുമത്സരം) | 90 മിനിറ്റ് |
| 3. കവിതാരചന (പൊതുമത്സരം) | 90 മിനിറ്റ് |
| 4. സമസ്യാപൂരണം (പൊതുമത്സരം) | 90 മിനിറ്റ് |
| 5. അക്ഷരശ്ലോകം(പൊതുമത്സരം) | സമയംവിധികർത്താക്കൾ നിശ്ചയിക്കും |
| 6. പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കും |
| 7. പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 8. പ്രഭാഷണം(പൊതുമത്സരം) | 5 മിനിറ്റ് |
| 9. ചമ്പുപ്രഭാഷണം (പൊതുമത്സരം) | 10 മിനിറ്റ് |
| 10. പാഠകം (ആൺ) | 15 മിനിറ്റ് |
| 11. പാഠകം (പെൺ) | 15 മിനിറ്റ് |
| 12. അഷ്ഠപദി (ആൺ) | 10 മിനിറ്റ് |
| 13. അഷ്ഠപദി (പെൺ) | 10 മിനിറ്റ് |
| 14. ഗാനാലാപനം(ആൺ) | 5 മിനിറ്റ് |
| 15. ഗാനാലാപനം(പെൺ) | 5 മിനിറ്റ് |
| 16. കൂടിയാട്ടം 7 പേർ ( പൊതുമത്സരം) | 30 മിനിറ്റ് |
| 17. നാടകം (7+3 പിന്നണി)<br>പൊതുമത്സരം<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 18. വന്ദേമാതരം (7 പേർ)<br>പൊതുമത്സരം | 70 സെക്കന്റ് |
| 19. സംഘഗാനം 7 പേർ ( പൊതുമത്സരം) | 5 മിനിറ്റ് |

6.09 ജില്ലാതലത്തിൽ എ ഗ്രേഡ് കിട്ടി ടോപ് സ്കോർ നേടിയ ഒരു കുട്ടിയെ/ഒരു ഗ്രൂപ്പിനെയാണ് സംസ്ഥാനതലത്തിൽ അയക്കേണ്ടത്.

6.10 ഒരു കുട്ടിക്ക് പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും രണ്ട് ഗ്രൂപ്പ് ഇനങ്ങളിലും മാത്രമെ മത്സരിക്കുവാൻ പാടുള്ളൂ.

## അദ്ധ്യായം - 7

## അറബിക് സാഹിത്യോത്സവം

### കാറ്റഗറി - I ( I - IV)

7.01 അറബിഭാഷ പഠിക്കുന്ന കുട്ടികൾക്കു മാത്രമെ അറബി സാഹിത്യോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.

7.02 സ്കൂൾ കലോത്സവ മാനുവലിലെ നിബന്ധനകൾ അറബി സാഹിത്യോത്സവത്തിനും ബാധകമാണ്.

7.03 അറബി സാഹിത്യോത്സവത്തിൽ അറബി പദ്യം ചൊല്ലലിൽ പങ്കെടുക്കുന്ന കുട്ടിക്ക് സ്കൂൾ കലോത്സവത്തിലെ അറബി പദ്യംചൊല്ലലിൽ പങ്കെടുക്കുവാൻ അർഹതയില്ല.

7.04 ഒരു കുട്ടിക്ക് പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും രണ്ട് ഗ്രൂപ്പിനങ്ങളിലും മാത്രമെ മത്സരിക്കുവാൻ പാടുള്ളു.

7.05 ഓരോ ഇന-ത്തിലും എ ഗ്രേഡ് ലഭിച്ച് ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമെ അടുത്ത തലത്തിലുള്ള മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

7.06 മത്സര ഇനങ്ങൾ കാറ്റഗറി Iൽ 9ഉം കാറ്റഗറി IIൽ 13ഉം കാറ്റഗറി IIIൽ 19ഉം ആയിരിക്കും. അവ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| 1. കയ്യെഴുത്ത് (പൊതുമത്സരം) | 10 മിനിറ്റ് |
| 2. പദ നിർമ്മാണം (പൊതുമത്സരം) | 15 മിനിറ്റ് |
| 3. ഖുറാൻ പാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 4. പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 5. കഥ പറയൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 6. ക്വിസ് (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 7. അറബി ഗാനം (പൊതുമത്സരം) | 5 മിനിറ്റ് |
| 8. അഭിനയ ഗാനം (പൊതുമത്സരം) | 5 മിനിറ്റ് |
| 9. സംഘഗാനം 5 പേർ (പൊതുമത്സരം) | 5 മിനിറ്റ് |

**<u>കാറ്റഗറി - II ( V - VII )</u>**

| | |
|---|---|
| 1. ഗദ്യ വായന (പൊതുമത്സരം) | 5 മിനിറ്റ് |
| 2. ഖുറാൻ പാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 3. പദ്യം ചൊല്ലൽ(പൊതുമത്സരം) | 5 മിനിറ്റ് |
| 4. കഥ പറയൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 5. ക്വിസ് (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 6. അറബി ഗാനം (പൊതുമത്സരം) | 5 മിനിറ്റ് |
| 7. പ്രസംഗം (പൊതുമത്സരം) | 5 മിനിറ്റ് |
| 8. മോണോ ആക്ട് (പൊതുമത്സരം) | 5 മിനിറ്റ് |
| 9. തർജ്ജിമ - അറബിയിലേക്ക്(പൊതുമത്സരം) | 15 മിനിറ്റ് |
| 10. പദപ്പയറ്റ് (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 11. സംഘഗാനം 5 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 12. സംഭാഷണം 2 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 13. പദകേളി (പൊതുമത്സരം) | 15 മിനിറ്റ് |

## കാറ്റഗറി - III ( VIII-X )

| | |
|---|---|
| 1. ഉപന്യാസം - അറബി (പൊതുമത്സരം) | 60 മിനിറ്റ് |
| 2. കഥാരചന(പൊതുമത്സരം) | 60 മിനിറ്റ് |
| 3. കാപ്ഷൻ രചന (പൊതുമത്സരം) | 15 മിനിറ്റ് |
| 4. തർജ്ജിമ -അറബിയിലേക്ക് (പൊതുമത്സരം) | 30 മിനിറ്റ് |
| 5. പോസ്റ്റർ നിർമ്മാണം (പൊതുമത്സരം) | 30 മിനിറ്റ് |
| 6. പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് |
| 7. പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് |
| 8. അറബി ഗാനം (ആൺ) | 5 മിനിറ്റ് |
| 9. അറബി ഗാനം (പെൺ) | 5 മിനിറ്റ് - |
| 10. കഥാ പ്രസംഗം (പൊതുമത്സരം) | 10 മിനിറ്റ് |
| 11. സംഭാഷണം (2 പേർ) (പൊതുമത്സരം) | 5 മിനിറ്റ് |
| 12. സംഘഗാനം 5 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 13. ചിത്രീകരണം 7 പേർ (പൊതുമത്സരം) | 20 മിനിറ്റ് |
| 14. മോണോ ആക്ട് (പൊതുമത്സരം) | 5 മിനിറ്റ് |
| 15. പ്രസംഗം (പൊതുമത്സരം) | 5 മിനിറ്റ് |
| 16. ഖുറാൻ പാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 17. പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 18. മുശാറ:(പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 19. നിഘണ്ടു നിർമ്മാണം (പൊതുമത്സരം) | 15 മിനിറ്റ് |

## അദ്ധ്യായം - 8

## സ്കൂൾ കലോത്സവം- നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

8.01 സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങൾ അതത് വർഷം സർക്കാർ പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടറോ സർക്കാർ ഉത്തരവുകളോ പ്രകാരം നടത്തേണ്ടതാണ്.

8.02 കലോത്സവം ഒരു പൊതു ചടങ്ങായി നടത്തേണ്ടതാണ്. ഇതിന്റെ നടത്തിപ്പിനായി വിദ്യാർത്ഥികൾ, അദ്ധ്യാപകർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സാംസ്കാരിക നായകർ, പൊതുജനങ്ങൾ, രക്ഷകർത്താക്കൾ എന്നിവരുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റികൾ എൽ.പി., യു.പി., ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരും ഹയർ സെക്കന്ററിസ്കൂളുകളിൽ പ്രിൻസിപ്പൽമാരും രൂപീകരിക്കേണ്ടതാണ്.

8.03 മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഈടാക്കാൻ പാടില്ല. മത്സരങ്ങളുടെ നടത്തിപ്പിനായി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഹൈസ്ക്കൂളുകൾക്കും 2000/- രൂപയും യു.പി., എൽ.-പി. സ്കൂളുകൾക്ക് 1000/-രൂപ വീതവും പി.ടി.എ. ഫണ്ടിൽ നിന്നും ചെലവഴിക്കാൻ ഹെഡ്മാസ്റ്റർമാർക്ക്/പ്രിൻസിപ്പലിന് അധികാരമുണ്ട്.

8.04 കലോത്സവ നടത്തിപ്പിന്റെ നിർവ്വാഹക സമിതിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതത് കലകളിൽ പ്രാവീണ്യമുള്ളവരെ ജഡ്ജിമാരായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ നിയമിക്കേണ്ടതാണ്.

8.05 എല്ലാ മത്സരങ്ങളിലും എ ഗ്രേഡോടുകൂടി ടോപ്പ് സ്കോർ നേടിയവരെ മാത്രമെ ഉപജില്ലാ മത്സരത്തിനയയ്ക്കാവൂ. അയക്കുമ്പോൾ മാനുവലിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

8.06 ഏതെങ്കിലും ഇനത്തിൽ എ ഗ്രേഡിന് ആരും അർഹരാമിട്ടില്ലെങ്കിൽ അതിന് ആരെയും ഉപജില്ലാ മത്സരത്തിന് അയക്കേണ്ടതില്ല.

8.07 ഏതെങ്കിലും ഇനത്തിൽ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം മൂന്നിൽ താഴെയാണെങ്കിൽ ആ ഇനത്തിൽ മത്സരം നടത്തേണ്ടതില്ല. ഗ്രേഡ് ചെയ്ത കുട്ടിയെ മേൽതല മത്സരത്തിന് അയക്കേണ്ടതാണ്.

## അദ്ധ്യായം – 9

## ഉപജില്ലാ സ്കൂൾ കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

9.01 എല്ലാ വർഷവും ഓരോ ഉപജില്ലയിലും കേരള സ്കൂൾ കലോത്സവം നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപജില്ലയിൽ ഏതെങ്കിലും ഒരു സ്കൂളിൽ വച്ച് ഇത് നടത്താവുന്നതാണ്. ഉപജില്ലാ മത്സരങ്ങൾ പൊതുചടങ്ങായി ആർഭാടരഹിതമായി നടത്തേണ്ടതാണ്.

9.02 ഏതെങ്കിലും ഒരിനത്തിൽ മത്സരിക്കാൻ ഒരു വിദ്യാർത്ഥി മാത്രമെ ഉള്ളുവെങ്കിൽപോലും എ ഗ്രേഡ് നേടിയിട്ടുണ്ടെങ്കിൽ ആ വിദ്യാർത്ഥിയെ റവന്യു ജില്ലാതല മത്സരത്തിനയയ്ക്കാവുന്നതാണ്. കൂടാതെ മത്സരത്തിന് മുന്നോട്ടു വന്ന വിദ്യാർത്ഥിയെ ടോപ് സ്കോറർ എന്നു കണക്കാക്കി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

9.03 ഉപജില്ലയിലെ ഓരോ വിദ്യാലയവും ഉപജില്ലാ മത്സര നടത്തിപ്പിനായി സ്കൂൾ സ്പെഷ്യൽ ഫീസിലെ ഹോബീസ് ആന്റ് ക്രാഫ്റ്റ് ഫീസിൽ നിന്നും തങ്ങളുടെ വിഹിതം നൽകേണ്ടതാണ്. ആയിരത്തിൽ താഴെ കുട്ടികളുള്ള ഹൈസ്കൂൾ 250 രൂപയും, വി.എച്ച.് എസ്.എസ് / എച്ച്. എസ്. എസ് 350 രൂപയും, ആയിരത്തിന് മുകളിൽ കുട്ടികളുള്ള ഹൈസ്കൂൾ 350 രൂപയും, വി. എച്ച്. എസ്.എസ് / എച്ച്. എസ്.എസ് 500 രൂപയും, എല്ലാ യൂ. പി. സ്കൂൾ 200 രൂപയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകേണ്ടതാണ്. കുട്ടികളുടെ യാത്രയ്ക്കും ഭക്ഷണത്തിനും ആവശ്യമായ തുക എസ്കർഷൻ/പി.റ്റി.എ ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.

9.04 മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിക്കും (യു.പി./എച്ച്.എസ്) 5 രൂപ എന്ന നിരക്കിൽ പ്രവേശന ഫീസ് നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക (യു.പി., എച്ച്.എസ്.) ഹോബീസ് ആന്റ് ക്രാഫ്റ്റ് ഫീസ് ഫണ്ടിൽ നിന്നും എടുക്കാവുന്നതാണ്.

9.05 എൽ.പി വിഭാഗം വിദ്യാർത്ഥികൾക്കും എൽ.പി.യോട് ചേർന്നുള്ള അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കും പ്രവേശനഫീസ് ആവശ്യമില്ല.

9.06 സംസ്കൃതോത്സവത്തിനും, അറബിക് സാഹിത്യോത്സവത്തിനും മാത്രമായി പങ്കെടുക്കുന്ന കുട്ടികൾക്ക് മറ്റ് കുട്ടികളെ പോലെ പ്രവേശന ഫീസ് നൽകേണ്ടതാണ്.

9.07 സബ് ജില്ലയിലെ എല്ലാ വി.എച്ച്.എസ്.എസ്, ഹയർ സെക്കന്ററി സ്കൂളുകളും, സബ്ജില്ല കലോത്സവ ആവശ്യത്തിലേക്കായി ഒരു കുട്ടിക്ക് 5 രൂപ ക്രമത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെ എണ്ണം അനുസരിച്ച് യൂത്ത് ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും പണം നൽകേണ്ടതാണ്.

9.08 ഉപജില്ലാ സ്കൂൾ കലോത്സവ നടത്തിപ്പിനായി ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും 20000/- രൂപ വിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കുന്നതാണ്. ഉപജില്ലാതല മത്സരങ്ങളുടെ നടത്തിപ്പിനായി കൺവീനർക്ക് പൊതുജനങ്ങളിൽ നിന്നും കൂപ്പൺ വഴി സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. സംഭാവനകൾക്ക് കൺവീനറും ട്രഷററും ഒപ്പിട്ട രസീത് നൽകേണ്ടതാണ്. ഇവയുടെ (കൂപ്പൺ / രസീത്) കൃത്യമായ കണക്കുകൾ ആകെ അച്ചടിച്ചത്, വിതരണം ചെയ്തത്, ഉപയോഗിച്ചത്, ഉപയോഗിക്കാതെ തിരിച്ചു കിട്ടിയത് എന്നിവയുടെ കണക്ക് കൺവീനർ /ട്രഷറർ എഴുതി സൂക്ഷിക്കേണ്ടതാണ്.

9.09 ഉപജില്ലാ കലോത്സവത്തിന്റെ വരവ്/ചെലവ് കണക്കുകൾ ഫിനാൻസ് കമ്മറ്റി നിയോഗിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തിയ ശേഷം സംഘാടക സമിതി അംഗീകരിക്കണം. കണക്കുകൾ ഒരു മാസത്തിനകം ഇപ്രകാരം അംഗീകരിച്ചിരിക്കണം. ഓഡിറ്റിനു മുൻപായി വരവു/ചെലവു കണക്കുകളെല്ലാം ഫിനാൻസ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കണം. വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മത്സരങ്ങൾ കഴിഞ്ഞ് ഒരു മാസത്തിനകം വിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയിരിക്കണം. കണക്കുകളുടെ ഓഡിറ്റ് നടത്തുന്നതിനു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കു അധികാരമുണ്ടായിരിക്കും.

9.10 ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കേണ്ടതും ഡെപ്യൂട്ടി ഡയറക്ടർ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ ഏറ്റവും അടുത്തുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖയിലോ ഈ തുക നിക്ഷേപിക്കേണ്ടതുമാണ്. ഈ ഫണ്ട് ഉപയോഗിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം.

9.08 മത്സരങ്ങളുടെ നടത്തിപ്പിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യമായ കമ്മിറ്റിയെ നേരത്തേ തന്നെ രൂപീകരിക്കേണ്ടതാണ്. സംഘാടക സമിതിയിൽ താഴെ പറയുന്നവർ ഉണ്ടായിരിക്കണം

എ) ഉപജില്ലയുമായി ബന്ധപ്പെട്ട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എല്ലാ എം.എൽ.എമാരും എം.പിമാരും.

ബി) ഉപജില്ലയുമായി ബന്ധപ്പെട്ട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, കോർപ്പറേഷൻ മേയറും, മുനിസിപ്പൽ ചെയർമാൻമാരും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും.

സി) സ്കൂൾ രക്ഷാകർത്തൃ സമിതി പ്രതിനിധികൾ – മൂന്നുപേർ.

ഡി) അംഗീകൃത അദ്ധ്യാപക- സംഘടനാ പ്രതിനിധികൾ.

ഇ) ഹയർ സെക്കണ്ടറി/ഹൈസ്കൂൾ വിഭാഗത്തിൽനിന്ന് ഒരു പ്രിൻസിപ്പാളും ഒരു ഹെഡ്മാസ്റ്ററും പ്രൈമറിവിഭാഗത്തിൽ നിന്ന് രണ്ട് യു.പി.സ്കൂൾ ഹെഡ്മാസ്റ്റർമാരും രണ്ട് എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർമാരും

എഫ്) കലോത്സവം നടക്കുന്ന സ്കൂൾ പാർലമെന്റ് ചെയർമാനും, സെക്രട്ടറിയും

ജി) എ.ഇ.ഒ നിർദ്ദേശിക്കുന്ന സാംസ്കാരിക പ്രവർത്തകർ (പരമാവധി 3 പേർ)

9.12 കേരള സ്കൂൾ കലോത്സവം നടത്തുന്ന വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ജനറൽ കൺവീനറും ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ ട്രഷററും ആയിരിക്കും. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ജനറൽ കൺവീനർ ആകുന്ന സ്കൂളുകളിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജോയിന്റ് കൺവീനറായിരിക്കും.

9.13 ഉപജില്ലയിലെ പരിപാടികൾ പരമാവധി മൂന്ന് ദിവസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്. മത്സരങ്ങൾ കഴിവതും പകൽ സമയത്തു തന്നെ നടത്തിത്തീർക്കേണ്ടതാണ്.

9.14 ഓരോ മത്സരത്തിന്റെയും വിധികർത്താക്കളെ മുൻകൂട്ടി തയ്യാറാക്കിയ പാനലിൽ നിന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിശ്ചയിക്കേണ്ടതാണ്. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെ ആയിരിക്കണം.

9.15 ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ വിദ്യാലയവും കുട്ടികളുടെ മേൽനോട്ടത്തിനായി ആവശ്യമായ അദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്. സംഘത്തിൽ പെൺകുട്ടികളുണ്ടെങ്കിൽ അവരുടെ മേൽനോട്ടത്തിന് ആവ ശ്യമായ അദ്ധ്യാപികമാരെ നിയോഗിക്കേണ്ടതാണ്. ഇവർ മുഴുവൻ സമയവും വിദ്യാർത്ഥിനികളുടെ കൂടെ ഉണ്ടായിരിക്കണം.

9.16 ഉപജില്ലാ മത്സരങ്ങളിൽ എ ഗ്രേഡ് ലഭിച്ച് ഏറ്റവും ഉയർന്ന സ്കോർ നേടിയ കുട്ടിയെ/ഗ്രൂപ്പിനെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി റവന്യൂ ജില്ലാ മത്സരത്തിന് അയയ്ക്കാവുന്നതാണ്.

എ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഇല്ലാത്ത വ്യക്തിഗതഇനങ്ങളിൽ ഒരു കുട്ടി വീതവും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉള്ള ഇനങ്ങളിൽ ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും അയയ്ക്കാവുന്നതാണ്.

ബി. അദ്ധ്യായം III ലെ മൂന്നാം കാറ്റഗറി ഗ്രൂപ്പിന മത്സരങ്ങളിൽ വിഭാഗം 10,11,12,13 എന്നിവയിൽ എല്ലാ ടീമുകളെയും അയയ്ക്കാവുന്നതാണ്.

സി. ബാന്റ് മേളത്തിനും ദേശഭക്തിഗാനത്തിനും യക്ഷഗാനത്തിനും ഒരു ഉപജില്ലയിൽ നിന്നും ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്. ഇങ്ങനെ ടീമിനെ തെരെഞ്ഞെടുക്കുമ്പോൾ എ ഗ്രേഡോടുകൂടിയ ഏറ്റവും ഉയർന്ന സ്കോർ ആയിരിക്കണം മാനദണ്ഡം.

ഡി. ഓരോ ഇനത്തിലും ഒരു കുട്ടിവീതം മാത്രമെ പാടുള്ളു. അതുപോലെ ഗ്രൂപ്പിനത്തിൽ ഓരോ ഗ്രൂപ്പ് മാത്രമെ പാടുള്ളു.

9.17 സബ് ജില്ലാതലം മത്സരങ്ങളിൽ എ ഗ്രേഡ് കിട്ടിയ എല്ലാപേർക്കും സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

9.18 ഉപജില്ലാ മത്സരങ്ങൾ കഴിഞ്ഞാലുടൻ അവയുടെ നടത്തിപ്പിനെക്കുറിച്ച് ഒരു റിപ്പോർട്ടും റവന്യു ജില്ലാ മത്സരത്തിനു തെരെഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ്/സി.ഡി. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് എ.ഇ.ഒ അയയ്ക്കേണ്ടതാണ്. മത്സരത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റും സി.ഡി.യും റവന്യൂ ജില്ലാ മത്സരങ്ങളുടെ പ്രോഗ്രാം കമ്മിറ്റി കൺവീനർക്കും അയച്ചിരിക്കണം.

9.19 മത്സരങ്ങളുടെ മാർക്ക് ലിസ്റ്റിൽ വെട്ടും തിരുത്തും ഒഴിവാക്കണം. തിരുത്തലുകൾ അനിവാര്യമായി വന്നാൽ മൂല്യനിർണയം ചെയ്ത ആൾ തന്നെ തൽസ്ഥാനങ്ങളിൽ പൂർണമായും ഒപ്പിട്ടിരിക്കണം. മത്സരങ്ങളുടെ

മാർക്ക് ലിസ്റ്റുകളും ഫലം തയ്യാറാക്കിയ ടാബുലേഷൻ ഷീറ്റുകളും മുദ്രവച്ച് ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ മൂന്നുമാസക്കാലം സൂക്ഷിക്കേണ്ടതാണ്. ജില്ലാ അപ്പീൽ കമ്മിറ്റിയോ വിദ്യാഭ്യാസ ഡയറക്ടറോ ആവശ്യപ്പെടുന്നപക്ഷം ഇവ ഹാജരാക്കണം.

9.20 ഓരോ ഇനത്തിലെയും പ്രകടനത്തിന്റെ വിവിധ ഘട്ടങ്ങൾ വിലയിരുത്തി പ്രത്യേകം മാർക്ക് നൽകിയായിരിക്കണം വിജയികളെ നിർണ്ണയിക്കേണ്ടണ്ടത്. ഇതിനുളള മാനദണ്ഡങ്ങൾ അനുബന്ധം–I ൽ നൽകിയിട്ടുണ്ട്.

9.21 മത്സരഫലം പ്രഖ്യാപിക്കുന്നത് വിധി നിർണ്ണയത്തിന് നിയോഗിക്കപ്പെട്ട വിധികർത്താക്കൾ തന്നെയായിരിക്കണം.

9.22 കലോത്സവം സുഗമമായി നടത്തുന്നതിനുവേണ്ടി അദ്ധ്യാപകരുടെ സേവനം തേടാവുന്നതാണ്. എന്നാൽ കമ്മിറ്റിയുടെ പ്രവർത്തനത്തിന് അത്യാവശ്യമായ അംഗങ്ങളെ മാത്രമെ ഉൾക്കൊള്ളിക്കാൻ പാടുള്ളു. ഇങ്ങനെ നിയോഗിക്കുന്ന അദ്ധ്യാപകർക്കുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റ് ജനറൽ കൺവീനർ നൽകേണ്ടതാണ്.

## അദ്ധ്യായം – 10

## റവന്യൂ ജില്ലാ സ്കൂൾ കലോത്സവം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

10. 1 എല്ലാ വർഷവും ഡിസംബർ രണ്ടാം വാരത്തിന് മുൻപായി റവന്യൂ ജില്ലകളിൽ കലോത്സവം നടത്തിയിരിക്കണം. ജില്ലയിലെ ഏതെങ്കിലും ഒരു സ്കൂളിൽവച്ച് മത്സരം നടത്തേണ്ടതാണ്.

10. 2. മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉപജില്ലാ മത്സരങ്ങളിൽ എ ഗ്രേഡോടുകൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയവരെ മാത്രമെ റവന്യൂ ജില്ലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഏതെങ്കിലും മത്സരത്തിൽ പങ്കെടുക്കുവാൻ ഒരു വിദ്യാർത്ഥി മാത്രമെ ഉള്ളുവെങ്കിലും ആ വിദ്യാർത്ഥിയുടെ പ്രാവീണ്യം വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ച് അർഹമായ പോയിന്റുകൾ വിദ്യാർത്ഥിക്കും, വിദ്യാർത്ഥിയെ അയച്ച സ്കൂളിനും നൽകേണ്ടതാണ്. കൂടാതെ ഏറ്റവും ഉയർന്ന സ്കോറാണെന്നു കണക്കാക്കി അർഹമായ സമ്മാനവും സർട്ടിഫിക്കറ്റുകളും നൽകേണ്ടതാണ്. എ ഗ്രേഡിന് അർഹനാണെങ്കിൽ സംസ്ഥനതല മത്സരത്തിനയ്ക്കാവുന്നതാണ്. ഇപ്രകാരം റവന്യൂ/സംസ്ഥാന മത്സരങ്ങളിലേയ്ക്ക് അയയ്ക്കുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിലും എൻട്രി ഫോമിലും പ്രസ്തുത വിദ്യാർത്ഥി കലോത്സവ മാനുവലിലെ വ്യവസ്ഥ പ്രകാരം അയക്കപ്പെട്ടയാളാണെന്ന വിവരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

10.3. അറബി പദ്യപാരായണം, അറബി സാഹിത്യോത്സവത്തിൽ ഉള്ളതിനാൽ അറബി സാഹിത്യോത്സവത്തിൽ പദ്യപാരായണ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് സ്കൂൾ കലോത്സവത്തിലെ അറബി പദ്യപാരായണത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല.

10.4 ജില്ലാ കലോത്സവങ്ങളുടെ നടത്തിപ്പിനായി ആവശ്യമായ കമ്മിറ്റികൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയക്ടർമാർ രൂപീകരിക്കേണ്ടതാണ്. സംഘടാകസമിതിയിൽ താഴെ പറയുന്നവർ ഉണ്ടായിരിക്കണം.

(എ) ജില്ലയിലെ എം.എൽ.എമാർ എം.പി.മാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

(ബി) ജില്ലയിലെ കോർപ്പറേഷൻ മേയർ മുൻസിപ്പൽ ചെയർമാൻമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ.

(സി) ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, വിവിധ വകുപ്പ് തലവൻമാർ

(ഡി) ഡയറ്റ് പ്രിൻസിപ്പൽ

(ഇ) ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

(എഫ്) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ

(ജി) ഉത്സവം നടത്തുന്ന സ്കൂളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതി പ്രസിഡന്റ്

(എച്ച്) അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾ

(ഐ) സ്കൂൾ പാർലമെന്റ് പ്രതിനിധികൾ

(ജെ) സാംസ്കാരിക നായകൻമാർ

**10.05 റവന്യു ജില്ലാതല സംഘാടകസമിതിയുടെ ഘടന താഴെ കൊടുത്ത പ്രകാരമായിരിക്കും**

രക്ഷാധികാരികൾ

ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ സൂപ്രണ്ട്.

ചെയർമാൻ

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ/മുൻസിപ്പൽ ചെയർമാൻ.

വൈസ് ചെയർമാൻ

ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.

ജനറൽ കൺവീനർ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

ജോയിന്റ് കൺവീനർമാർ

ആർ.ഡി.ഡി, എ.ഡി, മേള നടത്തുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്റർ, ഡയറ്റ് പ്രിൻസിപ്പൽ.

ട്രഷറർ

മേള നടക്കുന്ന വിദ്യാഭ്യാസ ജില്ലയിലെ ഡി.ഇ.ഒ.

അംഗങ്ങൾ

1. സബ്കമ്മിറ്റി ചെയർമാൻമാർ, കൺവീനർമാർ.

2. അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾ.

3. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

4. കലോത്സവം നടത്തുന്ന സ്കൂളിലെ പി.ടി.എ. പ്രസിഡന്റ്, മദർ പി.ടി.എ പ്രസിഡന്റ്

5. കലോത്സവം നടക്കുന്ന സ്കൂളിലെ സ്കൂൾ പാർലമെന്റ് ചെയർമാനും സെക്രട്ടറിയും.

NB: സബ്കമ്മിറ്റികൾ: ചെയർമാൻമാർ ജനപ്രതിനിധികളും കൺവീനർമാർ അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികളും ആയിരിക്കണം.

10.06. റവന്യൂ ജില്ലാ കലോത്സവം 4 ദിവസം കൊണ്ട് നടത്തി തീർക്കേണ്ടതാണ്.

10.07 കലോത്സവം നടത്തിപ്പിനായി വിദ്യാഭ്യാസ ഡയറക്ടർ ഓരോ റവന്യൂ ജില്ലയ്ക്കും സബ്ജില്ലയുടെ എണ്ണമനുസരിച്ച് (ഓരോ സബ്ജില്ലയ്ക്കും 20,000 രൂപ വീതം )പരമാവധി തുക 1½ ലക്ഷം രൂപ നൽകുന്നതാണ്. ആവശ്യമെങ്കിൽ റവന്യൂ ജില്ലാ കലോത്സവത്തിനുവേണ്ടി പൊതുജനങ്ങളിൽ നിന്നും കൂപ്പണുകൾവഴി ധനസമാഹരണം നടത്താവുന്നതാണ്. കണക്കുകൾ ഒരു മാസത്തിനകം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിയോഗിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് പരിശോധിച്ച് അവയ്ക്ക് സംഘാടക സമിതിമുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. പണം ബാക്കി ഉണ്ടെങ്കിൽ അതാതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ അടുത്തുള്ള എസ്.ബി.റ്റി.ശാഖയിലോ നിക്ഷേപിക്കേണ്ടതാണ്. ഈ ഫണ്ട് വിനിയോഗിക്കുന്നതിന് ഡി.പി.ഐ.യുടെ മുൻകൂർ അനുവാദം വാങ്ങിക്കേണ്ടതാണ്.

10.08 ഓരോ മത്സരവും വിലയിരുത്തുന്നതിന് ആർ.ഡി.ഡി., ഏ.ഡി. എന്നിവരുമായി ആലോചിച്ച് മുൻകൂട്ടി തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്നും യോഗ്യരായ വിധികർത്താക്കളെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിശ്ചയിക്കേണ്ടതാണ്.

10.09 വിധികർത്താക്കളുടെ പാനലിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതാണ്. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം

വിധികർത്താക്കൾ ആയിരിക്കണം. മത്സരം തുടങ്ങുന്നതിനു മുമ്പായി വിധികർത്താക്കളായി പ്രവർത്തിക്കുന്നവരുടെ പേര് വിവരവും, യോഗ്യതയും വേദിയിൽ പ്രഖ്യാപിക്കണം.

10.10 മത്സരത്തിനുമുമ്പ് വിധികർത്താക്കൾക്ക് മൂല്യനിർണ്ണയോപാധികൾ നൽകേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അതതു ഇനത്തിന്റെ വിവിധ വശങ്ങൾ പരിഗണനയിൽ എടുത്ത് അവയ്ക്ക് പ്രത്യേകം പ്രത്യേകം മാർക്ക് നൽകി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ഇതിനായി സ്കോർഷീറ്റ് തയ്യാറാക്കി സംഘാടകർ വിധികർത്താക്കൾക്ക് നൽകണം.

10.11 വിധികർത്താക്കൾ തയ്യാറാക്കുന്ന മാർക്ക് ലിസ്റ്റിൽ വെട്ടും തിരുത്തും ഒഴിവാക്കണം. തിരുത്തലുകൾ അനിവാര്യമായി വന്നാൽ മൂല്യനിർണ്ണയം ചെയ്ത ആൾ തന്നെ തൽസ്ഥാനങ്ങളിൽ തന്റെ മുഴുവൻ ഒപ്പ് ഇട്ടിരിക്കണം.

10.12 മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർ, വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്തു ഫലം അതത് സ്റ്റേജിൽ വിധികർത്താക്കളിൽ ഒരാൾ പ്രഖ്യാപിക്കേണ്ടതാണ്. ടോപ് സ്കോർ നേടിയ കോഡും ഗ്രേഡും മറ്റ് ഗ്രേഡുകളും അവയുടെ കോഡും പ്രഖ്യാപിക്കണം.

10.13 റവന്യൂ ജില്ലാ മത്സരത്തിന്റെ മാർക്ക് ലിസ്റ്റുകളും ടാബുലേഷൻ ലിസ്റ്റും മുദ്രവച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ 3 മാസം വരെ സൂക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുന്നപക്ഷം അവ ഹാജരാക്കണം.

10.14 മത്സരഇനങ്ങളുടെ മൂല്യനിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾ പരിഗണിക്കാൻ അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും. അപ്പീൽ കമ്മിറ്റിയിൽ മത്സരഇനങ്ങളുടെ സാങ്കേതികവും നിമമപരവുമായ കാര്യങ്ങളാണ് പരിഗണിക്കേണ്ടത്. പുനർ മൂല്യനിർണ്ണയവും പുനർ അവതരണവും നടത്തേണ്ടതില്ല. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത ഫോറവും അപ്പീൽ തീർപ്പാക്കുന്നതിന് കാര്യകാരണ വിശകലന സഹിതമായ നടപടി ഉത്തരവിനുള്ള നിശ്ചിത ഫോറവും അനുബന്ധമായി ചേർത്ത പ്രകാരമായിരിക്കണം.

10.15 റവന്യൂ തലത്തിൽ അപ്പീൽ ഫീസ് 500 രൂപയായിരിക്കും. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

10.16 ഏതെങ്കിലും മത്സരയിനത്തിൽ അപ്പീൽ ലഭിക്കുന്ന കേസുകളിൽ അപ്പീൽ കമ്മിറ്റിമുടെ തീരുമാനം അന്തിമമായിരിക്കും. അപ്പീൽ കൊടുക്കുന്ന വിദ്യാർത്ഥി/ഗ്രൂപ്പ് അപ്പീൽ കമ്മിറ്റിമുടെ തീരുമാനം ഇല്ലാതെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹതമുണ്ടായിരിക്കുന്നതല്ല.

10.17 അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ച് കലോത്സവം അലങ്കോലമാക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പടെയുള്ളവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടി കൈക്കൊള്ളേണ്ടതും അതിനായി പ്രത്യേക അച്ചടക്ക സമിതി ഉണ്ടായിരിക്കേണ്ടതുമാണ്. അതാതു തലത്തിലെ മത്സരങ്ങളുടെ ജനറൽ കൺവീനർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി അച്ചടക്ക സമിതി രൂപീകരിക്കേണ്ടതാണ്. ഓരോ തലത്തിലെ അച്ചടക്ക സമിതിയിലും വനിതാ ഉദ്യോഗസ്ഥർ ഉണ്ടായിരിക്കണം. പരമാവധി അഞ്ചുപേർ മാത്രമേ സമിതിയിൽ ഉണ്ടാകാൻ പാടുള്ളൂ.

10.18 റവന്യൂ ജില്ലാതലം മത്സരങ്ങളിൽ എ ഗ്രേഡ് കിട്ടിയ എല്ലാപേർക്കും സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

10.19 റവന്യൂജില്ലാ മത്സരം കഴിഞ്ഞാൽ ഉടനെ അതിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കേണ്ടതാണ്. സംസ്ഥാനതല മത്സരത്തിന് തെരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റിന്റെ മൂന്ന് കോപ്പികളും സി.ഡി.യും സംസ്ഥാന കലോത്സവത്തിന്റെ ജനറൽ കൺവീനർക്ക് അയക്കേണ്ടതാണ്.

10.20 8, 9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ് ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാന തലത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യൂജില്ലാ സ്കൂൾ കലോത്സവത്തിൽ ഇതേ ഇനത്തിൽ പങ്കെടുത്ത് എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്. കാറ്റഗറി IV-നും ഇതു ബാധകമാണ്. 11,12 ക്ലാസുകളിലേതിലെങ്കിലും പഠിക്കുമ്പോൾ ഗ്രേസ് മാർക്കിന് അർഹമാകുന്ന തരത്തിൽ ലഭിക്കുന്ന ഗ്രേഡ് 12ാം ക്ലാസിലെ പൊതു പരീക്ഷയ്ക്ക് ശേഷമേ പരിഗണിക്കുകയുള്ളൂ. രണ്ടു വർഷവും അർഹമായ ഗ്രേഡ് കിട്ടിയാൽ പോലും അവ ഒരിക്കൽ മാത്രമേ ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ.

10.21 മത്സരങ്ങളിൽ എ ഗ്രേഡോടു കൂടി ടോപ് സ്കോർ ലഭിച്ച കുട്ടി/ടീമിന് മാത്രമെ സംസ്ഥാനതല മത്സരങ്ങൾക്ക് പങ്കെടുക്കാൻ അർഹതയുള്ളൂ.

## അദ്ധ്യായം -11

## സംസ്ഥാന സ്കൂൾ കലോത്സവം- നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

11.01 എല്ലാ വർഷവും ഡിസംബർ അവസാനവാരത്തിന് മുമ്പായി സംസ്ഥാന തലത്തിൽ കേരള സ്കൂൾ കലോത്സവം നടത്തിയിരിക്കണം.

11.02 മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യു ജില്ലാ മത്സരങ്ങളിൽ എ ഗ്രേഡോടു കൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയവരെ മാത്രമെ സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ.

11.03 സംസ്ഥാന തലത്തിൽ കലോത്സവ നടത്തിപ്പിനായി സംഘാടക സമിതി, നിർവ്വാഹക സമിതി എന്നിവ രൂപീകരിക്കേണ്ടതാണ്. അവയുടെ ഘടന താഴെ പറയുന്ന പ്രകാരമായിരിക്കും.

### സംഘാടക സമിതി

| | | |
|---|---|---|
| **മുഖ്യരക്ഷാധികാരികൾ** | : | മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ. |
| **രക്ഷാധികാരികൾ** | : | ജില്ലയിലെ എം.പി.മാർ എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പൊതു വിദ്യാഭ്യാസ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്. |
| **ചെയർമാൻ** | : | മേയർ/മുൻസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. |
| **വൈസ് ചെയർമാൻമാർ** | : | സ്കൂൾ കലോത്സവം നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/ മുൻസിപ്പൽ വൈസ് ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ. |
| **ജനറൽ കോർഡിനേറ്റർ** | : | പൊതു വിദ്യാഭ്യാസ ഡയറക്ടർ |
| **ജോയിന്റ് ജനറൽ കോർഡിനേറ്റർ** | : | HSS, VHSE ഡയറക്ടർമാർ |
| **ജനറൽ കൺവീനർ** | : | അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) |

| | | |
|---|---|---|
| **ജോയിന്റ് ജനറൽ കൺവീനർമാർ** | : | മത്സരം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറകടർ, ഹയർ സെക്കണ്ടറിയുടെ ജോയിന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ.യുടെ ഡെപ്യൂട്ടി ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ. |
| **ട്രഷറർ** | : | പബ്ലിക് റിലേഷൻസ് ഓഫീസർ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്) |
| **മെമ്പർമാർ** | : | എല്ലാ സബ് കമ്മിറ്റിയുടെയും ചെയർമാൻമാർ, കൺവീനർമാർ,<br>അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾ<br>ജില്ലയിലെ വിവിധ വകുപ്പ് തലവൻമാർ, കലോത്സവം നടക്കുന്ന സ്കൂളിലെ പി.ടി.എ.പ്രസിഡന്റ്, മദർ പി.ടി.എ, പ്രസിഡന്റ്<br>ജനപ്രതിനിധികൾ<br>സ്കൂൾ പാർലമെന്റ് ഭാരവാഹികൾ. |

<u>**നിർവ്വാഹക സമിതി**</u>

| | | |
|---|---|---|
| **മുഖ്യരക്ഷാധികാരികൾ** | : | മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ. |
| **രക്ഷാധികാരികൾ** | : | ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മേയർ, മുൻസിപ്പൽ ചെയർമാൻ. |
| **പ്രസിഡന്റ്** | : | പൊതു വിദ്യാഭ്യാസ ഡയറക്ടർ |
| **വൈസ് പ്രസിഡന്റ്മാർ** | : | ഡയറക്ടർ, ഹയർ സെക്കണ്ടറി, ഡയറക്ടർ, വി.എച്ച്.എസ്.ഇ., ജോയിന്റ് ഡയറക്ടർമാർ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്) |
| **ജനറൽ കൺവീനർ** | : | അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) |
| **ജോയിന്റ് ജനറൽ കൺവീനർ** | : | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (മേള നടക്കുന്ന റവന്യു ജില്ല), |

| | | |
|---|---|---|
| **ജോയിന്റ് കൺവീനർമാർ** | : | RDD, VHSE റീജിയണൽ അസിസ്റ്റന്റ് ഡയറകടർ , ഡയറ്റ് പ്രിൻസിപ്പൽ |
| **ട്രഷറർ** | : | പബ്ലിക് റിലേഷൻസ് ഓഫീസർ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്) |
| **മെമ്പർമാർ** | : | എല്ലാ സബ് കമ്മിറ്റിയുടെയും ചെയർമാൻമാരും കൺവീനർമാരും. |

11.04 സംസ്ഥാന കലോത്സവത്തിന്റെ പൂർണമായ ഉത്തരവാദിത്വം വഹിക്കുന്നത് സംഘാടക സമിതിയാണ്. കലോത്സവ നടത്തിപ്പിനായി ബഡ്ജറ്റ് തയാറാക്കുന്നതും വിവിധ കമ്മിറ്റികൾക്കാവശ്യമായ തുക അനുവദിക്കുന്നതും ഈ സമിതിയാണ്. കലോത്സവം കഴിഞ്ഞതിനു ശേഷം ജനറൽ കൺവീനർ തയാറാക്കുന്ന വരവുചെലവു കണക്കുകളും ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റ് റിപ്പോർട്ടും ചർച്ച ചെയ്ത് അംഗീകരിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യ കർത്തവ്യമാണ്.

11.05 കലോത്സവത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സബ്കമ്മിറ്റി കൾ ഉണ്ടായിരിക്കും. അവയുടെ ചെയർമാൻമാർ ജനപ്രതിനിധികളും, കൺവീനർമാർ അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികളും ആയി രിക്കും. വിവിധ സബ്കമ്മിറ്റികളുടെ ചുമതല താഴെ കൊടുക്കുന്നു.

### (എ) സ്വീകരണ കമ്മിറ്റി

ചുമതലകൾ: നിർവാഹകസമിതി പ്രസിഡന്റുമായി ആലോചിച്ച് കലോത്സവത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്കാവശ്യമായ അതിഥികളെ ക്ഷണിക്കുക, ചടങ്ങുകൾ ചിട്ടയായി നടത്തുക, ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക, ക്ഷണക്കത്തുകൾ അച്ചടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. അതിഥികളെ സ്വീകരിക്കുക. വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെ സ്വീകരിക്കുക.

### (ബി) ഭക്ഷ്യകാര്യ കമ്മിറ്റി

ചുമതലകൾ: മത്സരത്തിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ, അവരെ അനുഗമിക്കുന്ന അദ്ധ്യാപകർ, അതിഥികൾ, ജഡ്ജിമാരായി വരുന്നവർ, വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻമാർ, സന്നദ്ധസേവനം ചെയ്യുന്നവർ, നടത്തിപ്പുകാർ, മാധ്യമങ്ങളുടെ പ്രതിനിധികൾ എന്നിവർക്കെല്ലാം ഭക്ഷണം കലോത്സവ സ്ഥലത്ത് നൽകുക.

### (സി). പ്രചരണ കമ്മിറ്റി

ചുമതലകൾ: കലോത്സവം സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അർഹമായ പ്രചരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ജോലി. വർത്തമാനപത്രങ്ങൾ, ദൃശ്യ മാധ്യമങ്ങൾ, ആൾ ഇൻഡ്യാ റേഡിയോ തുടങ്ങിയ ബഹുജനമാധ്യമ ഏജൻസികളെ

സമീപിച്ചും, പത്രസമ്മേളനവും മറ്റും നടത്തിയും ഇത് നിർവ്വഹിക്കാം. വാർത്താമാധ്യമങ്ങൾക്ക് മത്സരഫലങ്ങളും പ്രസിദ്ധീകരണത്തിനുള്ള ചിത്രങ്ങളും യഥാസമയം ലഭ്യമാക്കുകയും വേണം. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും മത്സരഫലങ്ങൾ അതാത് സമയത്ത് വാങ്ങി കമ്മിറ്റി പത്രമാധ്യമങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**(ഡി). പ്രോഗ്രം കമ്മിറ്റി**

ചുമതലകൾ: കലോത്സവ മത്സരങ്ങൾ കുറ്റമറ്റരീതിയിൽ നടത്തുന്ന ഉത്തരവാദിത്വമേറിയ ജോലിയാണ് ഈ കമ്മിറ്റിക്ക് നിർവ്വഹിക്കാനുള്ളത്. കലോത്സവം നടക്കുന്നതിന് മുൻപായി താഴെ പറയുന്നവ പ്രോഗ്രം കമ്മിറ്റി തയ്യാറാക്കണം.

1. ജില്ലകളിൽ നിന്നു ലഭിക്കുന്ന ലിസ്റ്റുകൾ ശരിയായി പരിശോധിച്ച് തെറ്റുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മത്സരിക്കുന്നവരുടെ അന്തിമ ലിസ്റ്റുകൾ ക്രമീകരിക്കുക.
2. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ ലിസ്റ്റ് (ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വെവ്വേറെ)
3. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റുകളും, മത്സരഫലങ്ങൾ രേഖപ്പെടുത്താനുള്ള കൺസോളിഡേറ്റഡ് ഷീറ്റുകളും സകോർബോർഡും.
4. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി.
5. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പത്രിക.
6. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് നൽകാനുള്ള കോഡു നമ്പരുകൾ.
7. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ അദ്ധ്യാപകരെ നിയോഗിക്കുകയും, അവരുടെ ചുമതല നിശ്ചയിച്ചു നൽകുകയും ചെയ്യുക. അവരുടെ പേർവിവരം ജനറൽ കൺവീനർക്ക് നൽകുക.

പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സംസ്കൃതോത്സവം, അറബിക് കലോത്സവം എന്നിവയ്ക്ക് പ്രത്യേകം ചുമതലക്കാരെ പ്രോഗ്രാം കമ്മറ്റി നിയോഗിക്കേണ്ടതാണ്. പ്രോഗ്രാം കമ്മറ്റിയുടെ പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

1. മത്സരിക്കുന്നവർക്ക് കോഡു നമ്പരുകൾ യഥാസമയം നൽകുക.
2. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.
3. ഓരോ മത്സരത്തിന്റെയും സമയം ആസൂത്രണം ചെയ്തതു പോലെ കൃത്യമായി പാലിക്കുക. മത്സരത്തിൽ പങ്കെടുക്കേണ്ട

വിദ്യാർത്ഥികളെ സമയ നഷ്ടം കൂടാതെ വേദിയിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

4. ജഡ്ജിമാർക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക. അവരുടെ ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക.

5. ജഡ്ജിമാർക്ക് സ്കോർ ഷീറ്റുകൾ യഥാസമയം നൽകുകയും അവരുടെ ബയോഡേറ്റ ശേഖരിച്ച് സൂക്ഷിക്കുകയും അവരുടെ പേരുകൾ മത്സരത്തിനുമുമ്പ് വേദിയിൽ പ്രസ്താവിക്കുകയും ചെയ്യുക.

6. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക.

7. മത്സരങ്ങളിൽ എ ഗ്രേഡ് നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയും, അതിന്റെ പകർപ്പ് ട്രോഫികമ്മിറ്റിക്കും പ്രചാരണ കമ്മിറ്റിക്കും നൽകുകയും ചെയ്യുക.

8. ഓരോ ദിവസവും നടത്തുന്ന മത്സരങ്ങളിൽ പങ്കുകൊള്ളുന്നവരുടെ സർട്ടിഫിക്കറ്റുകൾ എഴുതി തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഒപ്പു വാങ്ങി അതതു ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുക. (സംസ്ഥാനതല മത്സരത്തിനാവശ്യമായ സർട്ടിഫിക്കറ്റുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ അച്ചടിച്ച് നൽകുന്നതാണ്.)

9. ഓരോ മത്സരവും ആരംഭിക്കുന്നതിനു മുമ്പ് വേദിയുടെ ക്രമീകരണം, ലൈറ്റ്, സൗണ്ട് എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.

10. സ്കൂൾ കലോത്സവത്തോടൊപ്പം സംസ്കൃതം, അറബിക് എന്നീ കലോത്സവങ്ങളുടെ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

11. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരേ വിദ്യാർത്ഥിക്ക് വെവ്വേറെ സമയം ലഭിക്കത്തക്കവണ്ണം പ്രോഗ്രാം ക്രമീകരിക്കുക.

12. മത്സരങ്ങളിൽ എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ ഡയറക്ടർക്ക് മത്സരം കഴിഞ്ഞ ഉടൻതന്നെ ലഭ്യമാകുക.

**(ഇ). നിയമപാലന കമ്മിറ്റി**

ചുമതലകൾ: കലോത്സവം നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പുവരുത്തുക എന്നതാണ് കമ്മിറ്റിയുടെ കർത്തവ്യം. സ്ഥലത്തുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ, എൻ.സി.സി., സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവരുടെയും, പ്രാദേശികമായി ലഭിക്കുന്ന സന്നദ്ധസംഘടനകളുടെയും, അദ്ധ്യാപകരുടെയും

പൗരമുഖ്യൻമാരുടെയും സഹായ സഹകരണങ്ങൾ കമ്മിറ്റി തേടേണ്ടതാണ്. സംസ്ഥാന കലോത്സവം തീരുന്നതുവരെ എപ്പോഴും പോലീസിന്റെ സേവനം നിർബന്ധമായും ഉറപ്പുവരുത്തണം.

**(എഫ്). വെൽഫെയർ കമ്മിറ്റി**

ചുമതലകൾ: കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെയും ഔദ്യോഗിക ഭാരവാഹികളുടെയും ക്ഷേമാന്വേഷണവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ. പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും കിട്ടുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ താമസസ്ഥലത്തും, മത്സരങ്ങൾ നടക്കുന്ന സ്ഥലത്തും, ഭക്ഷണശാലയിലും ശുചീകരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് സഹകരണം തേടാവുന്നതാണ്.

**(ജി).രജിസ്ട്രേഷൻ കമ്മിറ്റി**

ചുമതലകൾ:

1. വിവിധ ജില്ലകളിൽ നിന്നു വരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അവരെ അക്കോമഡേഷൻ സമിതിക്ക് ഏല്പിച്ച് കൊടുക്കുകയും ചെയ്യുക.

2. അതത് സമയം അവശ്യമായ ഭക്ഷണകൂപ്പണുകൾ സംഘനേതാക്കൾക്കു നൽകുക.

3. ബാഡ്ജുകളും, രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക. (ജഡ്ജിമാർക്കുള്ള ബാഡ്ജുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്നതാണ്)

4. മുൻവർഷം ലഭിച്ച ട്രോഫികൾ തിരിച്ചു നൽകിയതിന്റെ സർട്ടിഫിക്കറ്റ് ട്രോഫി കമ്മിറ്റി കൺവീനറിൽ നിന്നും വാങ്ങി ടീം മാനേജർ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

**(എച്ച്) അക്കോമഡേഷൻ കമ്മിറ്റി**

ചുമതലകൾ:

1. ഈ കമ്മിറ്റി രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. വിവിധജില്ലകളിൽ നിന്നു വരുന്നവർക്ക് താമസസ്ഥലം നിശ്ചയിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

2. വെള്ളം, വെളിച്ചം, കുളിമുറി, കക്കൂസുകൾ എന്നിവ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തണം. വെളളത്തിന്റെ സുഗമമായ ലഭ്യതയ്ക്കും താൽക്കാലിക ജലവിതരണത്തിനും വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ചെയ്യേണ്ടതാണ്.

3. ജഡ്ജിമാർക്കായി മുൻകൂട്ടി ബുക്കു ചെയ്ത മുറികളുടെ വിവരം വിദ്യാഭ്യാസ ഡയറക്ടേററ്റിലെ പി.ആർ.ഒ.ക്ക് നൽകണം. ജഡ്ജിമാർക്ക് താമസസ്ഥലം നിശ്ചയിക്കുന്നത് പി.ആർ.ഒ ആയിരിക്കും.

### (ഐ) ട്രാൻസ്പോർട്ട് കമ്മിറ്റി

ചുമതലകൾ: ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങൾക്കും ജഡ്ജിമാർക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക. റെയിൽവെ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതു സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ തുടങ്ങിയവരെ സമീപിച്ച് മത്സരസ്ഥലത്തേക്കും അവിടെ നിന്നു തിരികെയും പ്രത്യേക സർവ്വീസുകൾ നടത്തിക്കുവാൻ ശ്രദ്ധിക്കുക. ജഡ്ജിമാരുടെ ആവശ്യത്തിന് വേണ്ടിവരുന്ന വാഹനങ്ങൾ പി.ആർ.ഒ.യുടെ ചുമതലയിൽ വിട്ടുകൊടുക്കുക.

### (ജെ) ട്രോഫികമ്മിറ്റി

ചുമതലകൾ:

1. മുൻവർഷം വിതരണം ചെയ്ത ട്രോഫികൾ കാലേക്കൂട്ടി വിവിധ ജില്ലകളിൽ നിന്നും ശേഖരിക്കുക.

2. ട്രോഫികൾക്കു കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അതു നന്നാക്കുകയും പോളീഷ് ചെയ്തു വൃത്തിയാക്കുകയും ചെയ്യുക.

3. പുതിയ ട്രോഫികൾ പൊതു വിദ്യാഭ്യാസ ഡയക്ടറുടെ മുൻകൂട്ടിയുളള (കുറഞ്ഞതു മൂന്നു മാസം) രേഖാമൂലമായ ഉത്തരവിൻപ്രകാരം മാത്രം സ്വീകരിക്കുകയും അവയുടെ വിശദവിവരങ്ങൾ ട്രോഫി രജിസ്റ്ററിൽ എഴുതിചേർക്കുകയും ചെയ്യുക. (പുതിയ ട്രോഫികൾ ഏതിനങ്ങൾക്കാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിക്കുന്നതാണ്.)

4. ഓരോ ദിവസവും പ്രോഗ്രാം കമ്മിറ്റി നൽകുന്ന സമ്മാനവിവരപ്പട്ടിക അനുസരിച്ച് ട്രോഫികളും, സർട്ടിഫിക്കറ്റുകളും ക്രമത്തിൽ അടുക്കിവയ്ക്കുകയും അവ അതതു ദിവസം തന്നെ പ്രധാനവേദിയിൽ വച്ച് വിതരണം ചെയ്യുക. സമാപന

ചടങ്ങുകളിലേക്ക് മുൻദിവസങ്ങളിലെ ട്രോഫികളും, സർട്ടിഫിക്കറ്റുകളും വിതരണത്തിന് മാറ്റിവെയ്ക്കേണ്ടതില്ല.

5. ട്രോഫികൾ സ്വീകരിച്ചതിനു തെളിവായി ടീം മാനേജരെക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ ഒപ്പ് വയ്പ്പിക്കാൻ വേണ്ട ക്രമീകരണം ചെയ്യുക.

6. കലോത്സവത്തിന്റെ സമാപന ചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുന്നതിന് ക്രമീകരണം ചെയ്യുക.

7. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി കലോത്സവം കഴിഞ്ഞ ഉടൻതന്നെ വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ പബ്ലിക് റിലേഷൻസ് ഓഫീസറെ ഏൽപ്പിക്കുക.

8. എവർറോളിംഗ് ട്രോഫികളുടെ/ഷീൽഡുകളുടെ കാലാവധി പത്തു വർഷമായിരിക്കും. അതിനുശേഷം അവ നൽകിയവർ പുതിയവ നൽകുന്നില്ലെങ്കിൽ അവ പൊതു വിദ്യാഭ്യാസ ഡയറക്ടർ പിൻവലിക്കുന്നതാണ്.

## (കെ) സ്റ്റേജ് ആന്റ് പന്തൽ കമ്മിറ്റി

ചുമതലകൾ:

1. പ്രോഗ്രാം കമ്മിറ്റിയുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, ഗ്രീൻ റൂമുകൾ, കർട്ടൺ എന്നിവയും ഗ്രീൻ റൂമുകളിൽ വാഷ്ബേസിനുകൾ എന്നിവ സ്ഥാപിച്ച് വെള്ളം എത്തിക്കുക, ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനും പന്തലുകൾ സജ്ജീകരിക്കുക, സ്റ്റേജിനോടനുബന്ധമായി പക്കമേളക്കാർക്ക് പ്രത്യേകം ഇരിപ്പിടം ക്രമീകരിക്കുക.

2. പന്തലുകൾ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.

3. വേണ്ട രീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും സൗകര്യപ്രദമായ രീതിയിൽ ഇരിപ്പിടം ഒരുക്കണം. ജഡ്ജിമാരുടെ ഇരിപ്പിടങ്ങൾ പ്രത്യേകം വേർതിരിച്ച സ്ഥലത്തായിരിക്കണം.

4. പന്തലുകൾ ഇൻഷ്വർ ചെയ്യുകയും അഗ്നിശമന സേനയുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക.

5. വേദികളുടെ ഉറപ്പിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുക.

6. പ്രധാന വേദികളും, പ്രോഗ്രാം കമ്മിറ്റി റൂം, ജഡ്ജിമാരെ വിന്യസിപ്പിക്കുന്ന ഓഫീസ് മീഡിയാ സെന്റർ എന്നിവയുമായി ബന്ധിച്ചുള്ള ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക.

7. സ്റ്റേജിലേക്ക് ആവശ്യമായ ഫർണിച്ചർ യഥാസമയം ലഭ്യമാക്കുക.

8. സ്റ്റേജുകളിൽ ആവശ്യമായ ബാനറുകൾ, സ്റ്റേജ് നമ്പരുകൾ എന്നിവ എഴുതി പ്രദർശിപ്പിക്കുക.

## (എൽ) ലൈറ്റ് ആന്റ് സൗണ്ട്

ചുമതലകൾ:

1. പന്തലുകളിലും വേദികളിലും ഗ്രീൻ റൂമിലും താമസസ്ഥലങ്ങളിലും പാചകപ്പുരയിലും ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങളിലും ഭക്ഷണപ്പുരയിലും വിവിധ ഓഫീസുകളിലും മീഡിയാ സെന്ററിലും എല്ലാ സമയത്തും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

2. വേദികളിൽ ആവശ്യത്തിന് പ്ലഗ് പോയിന്റ്, ആവശ്യത്തിനുള്ള ലീഡുകൾ, മൈക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.

3. വൈദ്യുതി ഇല്ലാതെ വന്നാൽ ഉപയോഗിക്കാനായി ജനറേറ്റർ സജ്ജമാക്കുക.

4. ഭക്ഷണക്കമ്മിറ്റിക്കും ട്രാൻസ്പോർട്ട് കമ്മിറ്റിക്കും രജിസ്ട്രേഷൻ കമ്മിറ്റിക്കും പബ്ലിസിറ്റി കമ്മിറ്റിക്കും വേണ്ട മൈക്ക് സൗകര്യങ്ങൾ സജ്ജീകരിക്കുക.

5. വേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്തവിധമുള്ള സൗണ്ട് സിസ്റ്റം ക്രമീകരിക്കുക.

## (എം) സുവനീർ കമ്മിറ്റി

ചുമതലകൾ:

1. കലോത്സവത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിനാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ, പരസ്യങ്ങൾ തുടങ്ങിയവ സംഘാടക സമിതിയുടെ അനുമതിയോടെ ശേഖരിക്കുക.

2. സുവനീർ ഭംഗിയായി സംവിധാനം ചെയ്ത് അച്ചടിപ്പിച്ച് കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ തന്നെ പ്രകാശനം ചെയ്യുന്നതിന് ക്രമീകരണം ചെയ്യുക.

3. സുവനീറിന്റെ വില പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ആലോചിച്ച് നിശ്ചയിക്കേണ്ടതും അതത് ജില്ലകൾക്കാവശ്യമായ കോപ്പികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതുമാണ്.

4. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ. താരിഫ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുക, പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ വഹിക്കുക.

5. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം സുവനീർ സംബന്ധമായ കണക്കുകൾ പുർത്തീകരിക്കുക.

## (എൻ) ധനകാര്യ കമ്മിറ്റി

**ഘടന :**

മറ്റംഗങ്ങളെ കൂടാതെ താഴെ പറയുന്നവർ ധനകാര്യ കമ്മിറ്റിയിൽ സ്ഥിരാംഗങ്ങളായിരിക്കും.

1. ജനറൽ കൺവീനർ
2. ട്രഷറർ
3. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടാഫീസിലെ അക്കൗണ്ട്സ് ഓഫീസർമാർ.

ചുമതലകൾ:

1. വിവിധ കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

2. മുൻകൂട്ടി കാണാൻ കഴിയാത്ത ചെലവുകൾക്ക് അടിയന്തിരമായി അംഗീകാരം നൽകുക. (പിന്നീട് സംഘാടക സമിതിയുടെ അംഗീകാരം തേടണം.)

3. കലോത്സവം കഴിഞ്ഞാൽ വരവ്ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക.

വിവിധ സബ്കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും ധനകാര്യ കമ്മിറ്റിയുടെ കൺവീനറും ചേർന്നു വേണം ഇത് ചെയ്യുവാൻ.

4. ഓഡിറ്റ് ചെയ്ത കണക്കുകൾ സംഘാടക സമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടുക. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം കണക്കുകൾ സംഘാടക സമിതിയിൽ സമർപ്പിക്കണം. ജനറൽ കൺവീനറുടെയും ട്രഷററുടെയും ചുമതലയാണിത്.

5. സംഘാടക സമിതിയുടെ അംഗീകാരത്തിന് വിധേയമായി വിഭവങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിന് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. ഇതിന് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും ജനറൽ കൺവീനർ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6. വിഭവങ്ങൾ അതത് ദിവസം തന്നെ ട്രഷററെ ഏൽപ്പിക്കുക.

7. എൻഡോവ്മെന്റ് മുഖേന സംസ്ഥാന കലോത്സവത്തിന് ഫണ്ട് സ്വരൂപിക്കാവുന്നതാണ്. ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പൊതു വിദ്യാഭ്യാസ ഡയറകടറേറ്റിൽ നിന്നായിരിക്കും നടത്തുക.

8. സംസ്ഥാന കലോത്സവത്തിന്റെ കണക്കുകൾ കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് ജനറൽ കൺവീനർ സംഘാടക സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുക. ആവശ്യമെന്നു കണ്ടാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഡിപ്പാർട്ട്മെന്റ് ഓഡിറ്റിന് ഉത്തരവ് നൽകാവുന്നതാണ്. ഇപ്രകാരമുള്ള ഓഡിറ്റും അതിന്റെ നടപടികളും മൂന്നു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

## (ഒ) ഘോഷയാത്ര കമ്മിറ്റി

ചുമതലകൾ: സംസ്ഥാനതല കലോത്സവം മോടിപിടിപ്പിക്കുന്നതിനും ഉത്സവം നടത്തുന്ന കേന്ദ്രത്തിൽ ഉത്സവപ്രതീതി ജനിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് കലോത്സവത്തിനോടുള്ള താത്പര്യം വളർത്തുന്നതിനും ഉതകത്തക്കവിധം ഘോഷയാത്ര സംഘടിപ്പിക്കുക.

## അദ്ധ്യായം – 12

# അപ്പീൽ കമ്മിറ്റി

### 12.01 സ്കൂൾതല അപ്പീൽ കമ്മിറ്റി

1. സ്കൂൾതല മത്സരത്തിലെ വിധിനിർണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ കേൾക്കാനും തീർപ്പു കൽപ്പിക്കുന്നതിനുമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, എച്ച് എസ്.ഇ റീജണൽ ഡപ്യൂട്ടി ഡയറ്കടർ എന്നിവരോ അവർ ഓരോരുത്തരും ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ മറ്റ് രണ്ടു വിദഗ്ധർ എന്നിങ്ങനെ അഞ്ചു പേർ ഉൾപ്പെടുന്ന അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും.

2. ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ സ്കൂൾ പ്രിൻസിപ്പളിനോ, ഹെഡ്മാസ്റ്റർക്കോ മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

3. സ്കൂളിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻ തന്നെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ ഉപജില്ലാ കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖമൂലം അറിയിക്കേണ്ടതാണ്.

### 12.02 ഉപജില്ലാതല അപ്പീൽ കമ്മിറ്റി

1. ഉപജില്ലാ തല മത്സരത്തിലെ വിധിനിർണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ കേൾക്കാനും തീർപ്പു കൽപ്പിക്കുന്നതിനുമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, എച്ച് എസ്.ഇ റീജണൽ ഡപ്യൂട്ടി ഡയറ്കടർ എന്നിവരോ അവർ ഓരോരുത്തരും ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ മറ്റ് രണ്ടു വിദഗ്ധർ എന്നിങ്ങനെ അഞ്ചു പേർ ഉൾപ്പെടുന്ന അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും.

2. ഉപജില്ലാ തല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാ

തികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ ജനറൽ കൺവീനർക്കോ മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമ ല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

3. ജനറൽ കൺവീനർക്ക് ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻ തന്നെ കമ്മിറ്റി യുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ റവന്യു ജില്ലാ കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖമൂലം അറിയിക്കേണ്ടതാണ്.

## 12.03 റവന്യൂജില്ലാതല അപ്പീൽ കമ്മിറ്റി

1. റവന്യു ജില്ലാ കലോത്സവ മത്സരങ്ങളുടെ വിധിനിർണ്ണയത്തിനെതിരെ എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനും അതത് റീജണിലെ ആർ.ഡി.ഡിയും വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടറുൾപ്പെട്ട അപ്പീൽ കമ്മിറ്റി സ്കൂൾ വർഷാരംഭത്തിൽ തന്നെ രൂപീകരിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 9 അംഗങ്ങൾ ഉണ്ടായിരിക്കും. താഴെ പറയുന്ന വിവിധ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരന്മാരെ ഡെപ്യൂട്ടി ഡയറക്ടർ മെമ്പർമാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. ഇവർക്ക് പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണയത്തിന് വിദ ഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്ന തിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ധൻ/വിദഗ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തിൽ വിദഗ്ധൻ/ വിദഗ്ധ
3. ഉപകരണ സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
4. ചിത്രകലയിൽ വിദഗ്ധൻ/ വിദഗ്ധ
5. താളവാദ്യത്തിൽ വിദഗ്ധൻ/ വിദഗ്ധ
6. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റിയുടെ കാലാവധി ഒരു വർഷമോ അടുത്ത വർഷത്തേയ്ക്കുള്ള ഔദ്യോഗിക കമ്മിറ്റി രൂപികരിക്കുന്നതുവരെയോ ആയിരിക്കും. അപ്പീൽ കമ്മിറ്റി രൂപികരിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

3. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡേറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

4. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന സത്യപ്രസ്താവനഅനുബന്ധം Vൽ ചെയർമാന് നൽകേണ്ടതാണ്.

5. ജില്ലാതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

6. റവന്യൂജില്ലാ തല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് ഓഫീസർക്കോ ജനറൽ കൺവീനർക്കോ മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

7. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ സംസ്ഥാനതല കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണ് ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖമൂലം അറിയിക്കേണ്ടതാണ്.

8. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും, മിനിട്ട്സിന്റെ പകർപ്പ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ കമ്മിറ്റി ചേർന്നു കഴിഞ്ഞ ഉടൻ തന്നെ അയയ്ക്കുകയും ചെയ്യേണ്ടതാണ്.

## 2.04 സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1. സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള അപ്പീൽ കമ്മിറ്റിയിൽ എച്ച്.എസ്.ഇ ഡയറക്ടറും വി.എച്ച്.എസ്.ഇ ഡയറക്ടറും അംഗങ്ങളായിരിക്കും. ഇവർക്ക് പുറമെ അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാരംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാകാരന്മാരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിയമിക്കേണ്ടതാണ്. താഴെ പറയുന്ന വിവിധ

കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരന്മാരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർമാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 11 അംഗങ്ങൾ ഉണ്ടായിരിക്കും.

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ധൻ/വിദഗ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തിൽ വിദഗ്ധൻ/ വിദഗ്ധ
3. മാപ്പിളകലകളിൽ വിദഗ്ധൻ /വിദഗ്ധ
4. ഉപകരണ സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
5. ചിത്രകലയിൽ വിദഗ്ധൻ/ വിദഗ്ധ
6. താളവാദ്യത്തിൽ വിദഗ്ധൻ/ വിദഗ്ധ
7. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ
8. അഭിനയകലകളിൽ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദഗ്ധർക്കു പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണയത്തിന് വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

3. ലഭിക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ച് നടപടിയെടുക്കുവാനും വീണ്ടും വിധിപ്രഖ്യാപിക്കുവാനും അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

4. അപ്പീൽ പരിശോധിച്ച് അനുവദിച്ചാൽ മാത്രമേ പരാതിക്കാരന് തുക തിരികെ ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം ഈ തുക ഫെസ്റ്റിവൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്.

5. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡേറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം Vൽ ചെയർമാന് നൽകേണ്ടതാണ്.

7. സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1000 രൂപ ഫീസ് സഹിതം അനുബന്ധം IIIൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

8. സംസ്ഥാനതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

9. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖമൂലം അറിയിക്കേണ്ടതാണ്.

10. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11. സംസ്ഥാനതല മത്സരത്തിൽ ജില്ലാതല അപ്പീലിലൂടെ വരുന്ന മത്സരാർത്ഥി, ജില്ലാതലത്തിൽ നിന്നും മത്സരിച്ച് വിജയിച്ച മത്സരാർത്ഥിയെക്കാൾ സ്കോർ മെച്ചപ്പെടുത്തിയാൽ മാത്രമെ ഗ്രേസ് മാർക്ക് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയുള്ളൂ.

12. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി 5000/- രൂപ നിരതദ്രവ്യം കെട്ടി വെക്കേണ്ടതാണ്. 11ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്കോർ മെച്ചപ്പെടുത്തിയില്ലെങ്കിൽ തുകയും സർട്ടിഫിക്കേറ്റും ലഭിക്കുകയില്ല.

## അദ്ധ്യായം –13

# കേരള സ്കൂൾ കലോത്സവം: പൊതു നിബന്ധനകൾ

1. രചനാ മത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമെ സംഘാടകർ നൽകുകയുള്ളു. മത്സരത്തിന്റെ പ്രമേയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്.

2. ശാസ്ത്രീയ സംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ള രാഗം ആലപിക്കാവുന്നതാണ്.

3. കഥകളി സംഗീതത്തിന് ചേങ്ങല ഉപയോഗിക്കാം.

4. ചെണ്ടക്ക് (തായമ്പക) അനുസാരി വാദ്യങ്ങളാകാം. എന്നാൽ കുട്ടികൾ തന്നെ പങ്കെടുക്കണം. (ഒരു ഇലത്താളം, രണ്ട് ഇടംതല, ഒരു വലംതല ഇങ്ങനെ നാല് പേർ ആകാം).

5. നാടോടിനൃത്തിന് തെരഞ്ഞെടുക്കുന്ന, നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും, വേഷവിധാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറയ്ക്കണം. നാടോടിത്തനിമ കാത്തുസൂക്ഷിക്കണം.

6. നാടോടിനൃത്തം, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, കേരളനടനം, സംഘനൃത്തം എന്നീ നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി/കാസറ്റ് മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ.

7. പ്രസംഗ മത്സരങ്ങൾക്കുള്ള വിഷയം മത്സരത്തിൽ 5 മിനിറ്റ് മുമ്പ് വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്.

8. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിൽ അതാതു കാറ്റഗറിയിലെ കുട്ടികൾ തന്നെയായിരിക്കണം.

9. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം/ ഹാർമോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആന്റ് ടൈമിങ്ങ്, ക്ലാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവയ്ക്ക് നാല് കുട്ടികൾ വരെ ആകാം.

10. മദ്ദളത്തിന് അനുസാരിവാദ്യം ആകാം. കുട്ടികൾ ആയിരിക്കണം അനുസാരിവാദ്യം കൈകാര്യം ചെയ്യേണ്ടണ്ടത്. (ഒരു ഇലത്താളം ഒരു വലംതല ഇങ്ങനെ രണ്ടുപേർ)

11. ഗാനമേളയിൽ വാദ്യോപകരണങ്ങൾ വായിക്കുന്നത് മത്സരത്തിൽ പങ്കെടുക്കുന്നവരായിരിക്കണം. വൃന്ദവാദ്യത്തിനും, ഗാനമേളക്കും ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ വിദഗ്ദ്ധരുടെ പരിശോധനയ്ക്കു ശേഷം മാത്രമെ ഉപയോഗിക്കാവു.

12. ഒപ്പനയ്ക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുൻപാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും, ചുറ്റിക്കളിയുമാകാം. ഒരു മണവാട്ടിയും വേണം. മത്സരത്തിൽ പങ്കെടുക്കുന്ന പത്തുപേരും സ്റ്റേജിൽ അണിനിരക്കണം. ഇതുതന്നെയാണ് വട്ടപ്പാട്ട് മത്സരത്തിന്റെയും ഘടന.

13. കോൽക്കളിക്ക് ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചരിഞ്ഞും മറിഞ്ഞും വായ്ത്താരിയിലും കോലടിയിലും താളം പിടിച്ച് പങ്കെടുക്കുന്നവർ തന്നെ അവതരിപ്പിക്കണം. പിന്നണി പാടില്ല.

14. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്ക് അനുസരിച്ച് ചാഞ്ഞും ചരിഞ്ഞും നിന്നും ഇരുന്നും വിവിധ താളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ, നൃത്തമോ പാടില്ല. അറബി ബൈത്തുകളോ മദഹ് പാട്ടുകളോ ആകാം. ലളിതഗാനമൊ മാപ്പിളപ്പാട്ടൊ പാടില്ല. പിന്നണി പാടില്ല.

15. അറബനമുട്ടിന് ഊർജസ്വലനായ അഭ്യാസിയുടെ രൂപഭാവങ്ങൾ ദൃശ്യമാകണം. അറബനയുടെ ശബ്ദം ഉയർത്തുന്നതനുസരിച്ച് അറബി ബൈത്തിന്റെ ഗതിവേഗതയും കൂടേണ്ടതാണ്. അംഗോപാംഗങ്ങളിൽ തട്ടിയും മുട്ടിയും വിവിധ താളങ്ങളിലൂടെ അവതരിപ്പിക്കണം. പിന്നണിപാടില്ല. അറബ് ബൈത്തുകളും, രീഫായി തരീഖത്ത് ബൈത്തുകളും അനുവദനീയമാണ്. ഭക്തി നിർഭരമായ ഭാവങ്ങൾ ഉണ്ടായിരിക്കണം.

16. തിരുവാതിരക്കളിക്ക് പിൻപാട്ടുകൾക്കു കുട്ടികളായിരിക്കണം. (രണ്ടു പേർ) ലളിതമായ കേരളീയ വേഷമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾതന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം( ഇവ സംഘാടകർ നൽകണം).

17. മാർഗംകളിക്ക് നിലവിളക്ക് ഉണ്ടായിരിക്കണം. (നിലവിളക്ക് സംഘാടകർ നൽകണം) തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലതാളം)

ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീത ഉപകരണങ്ങളൊ പിന്നണിയൊ പാടില്ല.

18. നാടകത്തിൽ; ഒരു ഏകാങ്ക നാടകമൊ, വലിയ നാടകത്തിന്റെ തിരഞ്ഞെടുത്ത ഭാഗങ്ങളൊ ആകാം. പിന്നണിയിൽ (മൂന്ന് പേർ) വിദ്യാർത്ഥികൾ തന്നെയായിരിക്കണം. നല്ല നടൻ, നല്ല നടി എന്നിവരെ തെരഞ്ഞെടുത്ത് സമ്മാനം നൽകണം. കാസറ്റ് ഉപയോഗിക്കാവുന്നതാണ്. ഇത് സംസ്കൃതം. അറബിക് എന്നീ സാഹിത്യോൽസവത്തിനും ബാധകമാണ്.

19. ദേശഭക്തിഗാനസംഘത്തിൽ ആൺകുട്ടികളും പെൺകുട്ടികളുമാകാം. ദേശീയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളായിരിക്കണം ആലപിക്കേണ്ടത്. മലയാള ഗാനം തന്നെ ആയിരിക്കണമെന്നില്ല.

20. കഥകളി ഗ്രൂപ്പിൽ നാല് വേഷങ്ങൾ ഒരേസമയത്താകാം. പക്ഷെ നാല് വേഷങ്ങൾക്കും ഏതാണ്ട് തുല്യമായ ക്രിയാംശം രംഗത്തുണ്ടാവണം. സ്റ്റേജിൽ കളർ ലൈറ്റ് ഉപയോഗിക്കരുത്.

21. കഥകളി, പൂരക്കളി, തിരുവാതിര, മാർഗംകളി എന്നിവയ്ക്ക് നിലവിളക്ക് സംഘാടകർ നൽകണം.

22. എല്ലാ മത്സരങ്ങളുടെയും പിന്നണിയിലുള്ള കുട്ടികൾക്കും ഗ്രേഡ് സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

23. ഹിന്ദുസ്ഥാനി സംഗീതം (വായ്പ്പാട്ട്), ഹിന്ദുസ്ഥാനി സംഗീതം (ഉപകരണം) ചവിട്ടുനാടകം, വഞ്ചിപ്പാട്ട് എന്നിവ പ്രദർശന ഇനങ്ങളായി അവതരിപ്പിക്കാം.

24. മത്സരങ്ങളുടെ എല്ലാ തലങ്ങളും വിലയിരുത്തുന്നതിന് യോഗ്യരായ വിധികർത്താക്കളെ നിയമിക്കണം. വിധികർത്താക്കളെ നിയമിക്കുമ്പോൾ, അവരുടെ ബയോഡാറ്റയും ഡിക്ലറേഷനും അനുബന്ധം V ൽ കൊടുത്തിരിക്കുന്നതു പോലെ എഴുതി വാങ്ങണം. വിധി നിർണ്ണയത്തിന് എല്ലാ തലത്തിലും 3 വിധികർത്താക്കൾ മാത്രമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# അനുബന്ധം I

## മൂല്യനിർണയോപാധികൾ

| | | |
|---|---|---|
| 1. **ശാസ്ത്രീയ സംഗീതം** ( ശ്രുതിയോടു കൂടി പാടണം) | | |
| | എ. ശാരീരം | 15 മാർക്ക് |
| | ബി. ശ്രുതിലയം | 15 മാർക്ക് |
| | സി. ജ്ഞാനഭാവം | 20 മാർക്ക് |
| | ഡി. താളം | 20 മാർക്ക് |
| | ഇ. സാഹിത്യ ശുദ്ധി | 15 മാർക്ക് |
| | എഫ്. മനോധർമ്മം | 15 മാർക്ക് |
| 2. **ലളിതഗാനം** | എ. ശാരീരം | 20 മാർക്ക് |
| | ബി. ശ്രുതിലയം | 20 മാർക്ക് |
| | സി. ജ്ഞാനഭാവം | 20 മാർക്ക് |
| | ഡി. താളം | 20 മാർക്ക് |
| | ഇ. സാഹിത്യ ശുദ്ധി | 15 മാർക്ക് |
| 3. **കഥകളി സംഗീതം** | എ. ശാരീരം | 20 മാർക്ക് |
| | ബി. ശ്രുതിലയം | 20 മാർക്ക് |
| | സി. ജ്ഞാനഭാവം | 20 മാർക്ക് |
| | ഡി. താളം | 20 മാർക്ക് |
| | ഇ. സാഹിത്യ ശുദ്ധി | 15 മാർക്ക് |

| | |
|---|---|
| **4. ഉപകരണസംഗീതം** (വിൻഡ് ടൈപ്പ്) | |
| എ. നാദം | 20 മാർക്ക് |
| ബി. രാഗഭാവം | 20 മാർക്ക് |
| സി. താളം | 20 മാർക്ക് |
| ഡി. മനോധർമ്മം | 20 മാർക്ക് |
| ഇ. ശ്രുതിലയം | 20 മാർക്ക് |
| **5. ഉപകരണസംഗീതം** (സ്ട്രിങ്ങ് ടൈപ്പ്) | |
| എ. നാദം | 20 മാർക്ക് |
| ബി. രാഗഭാവം | 20 മാർക്ക് |
| സി. താളം | 20 മാർക്ക് |
| ഡി. വില്ലിടുന്നത് | 20 മാർക്ക് |
| ഇ. മീട്ട് | 20 മാർക്ക് |
| **6. ഉപകരണസംഗീതം** (ലയ ടൈപ്പ്) | |
| എ. നാദം | 20 മാർക്ക് |
| ബി. അംഗുലീപ്രയോഗം | 20 മാർക്ക് |
| സി. ലയം | 20 മാർക്ക് |
| ഡി. മനോധർമ്മം | 20 മാർക്ക് |
| ഇ. ചൊൽശുദ്ധം | 20 മാർക്ക് |
| **7. ഭരതനാട്യം, മോഹിനിയാട്ടം** | |
| എ. ആകാരസൂക്ഷമത | 15 മാർക്ക് |
| ബി. വേഷം | 15 മാർക്ക് |
| സി. ഭാവപ്രകടനം | 20 മാർക്ക് |
| ഡി. മുദ്രകളുടെ പൂർണ്ണത | 15 മാർക്ക് |
| ഇ. താളം | 20 മാർക്ക് |
| എഫ്. ചുവടുവെയ്പ് | 15 മാർക്ക് |
| **8. കുച്ചുപ്പുടി** | |
| എ. ആകാരസുഷമ | 15 മാർക്ക് |
| ബി. വേഷം | 15 മാർക്ക് |
| സി. ഭാവപ്രകടനം | 20 മാർക്ക് |
| ഡി. മുദ്ര | 15 മാർക്ക് |
| ഇ. താളം | 20 മാർക്ക് |
| എഫ്. ചുവടുവെയ്പ് | 15 മാർക്ക് |

| | |
|---|---|
| **9. കഥകളി** | എ. ആഹാര്യം 30 മാർക്ക്<br>ബി. ചൊല്ലിയാട്ടം<br>(ഭാവം, ചലനം, താളം, മുദ്രയുടെ വടിവ്, ചുവടുവയ്പ് ഇവയെല്ലാം ഉൾപ്പെടുന്നു) 40 മാർക്ക്<br>സി. ശാസ്തീയ പരിജ്ഞാനം 30 മാർക്ക് |
| കുറിപ്പ്: ഗ്രൂപ്പിനു പരസ്പരമുള്ള പൊരുത്തവും പ്രതികരണവും കൂടി കണക്കാക്കേണ്ടതാണ്. | |
| **10. നാടോടി നൃത്തം** | എ. ആകാരസുഷമ 20 മാർക്ക്<br>ബി. വേഷം 20 മാർക്ക്<br>സി. ഭാവപ്രകടനം 20 മാർക്ക്<br>ഡി. താളം 20 മാർക്ക്<br>ഇ. ചലനഭംഗി 20 മാർക്ക് |
| കുറിപ്പ്: ഉപകരണങ്ങളുടെ ആധിക്യം കുറയ്ക്കണം, രംഗസജ്ജീകരണം ആവശ്യമില്ല. | |
| **11.ഓട്ടൻതുള്ളൽ** | എ. വേഷഭംഗി 20 മാർക്ക്<br>ബി. സംഗീതവും സാഹിത്യവും20 മാർക്ക്<br>സി. ഉച്ചാരണം 20 മാർക്ക്<br>ഡി. അഭിനയം 20 മാർക്ക്<br>ഇ. താളം 20 മാർക്ക് |
| **12.കഥാപ്രസംഗം** | എ. ഉച്ചാരണശുദ്ധി 20 മാർക്ക്<br>ബി. ഭാഷാശുദ്ധി 20 മാർക്ക്<br>സി. ആശയാവിഷ്കാരണം 20 മാർക്ക്<br>ഡി. ഭാവപ്രകടനം 20 മാർക്ക്<br>ഇ. സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ് 20 മാർക്ക് |
| **13.പ്രസംഗം/പ്രഭാഷണം** | എ. സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് 20 മാർക്ക്<br>ബി. അക്ഷരസ്ഫുടത 20 മാർക്ക്<br>സി. ഭാഷാശുദ്ധി 15 മാർക്ക്<br>ഡി. ആശയസ്ഫുടത 15 മാർക്ക്<br>ഇ. ധാരാവാഹിത്വം 15 മാർക്ക്<br>എഫ്. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം 15 മാർക്ക് |

| | |
|---|---|
| **14.പദ്യം ചൊല്ലൽ** | എ. മന:പാഠം 25 മാർക്ക്<br>ബി. അക്ഷരസ്ഫുടത 25 മാർക്ക്<br>സി. മിതമായ ഭാവശബ്ദപ്രകടനം 25 മാർക്ക്<br>ഡി. അർത്ഥം, ആശയം ഇവയുടെ സ്പഷ്ടീകരണം 25 മാർക്ക് |
| (കുറിപ്പ്: അമിതമായ സംഗീതത്തിനു സ്ഥാനമില്ല. കവിയെപ്പറ്റിയും, കവിതയെപ്പറ്റിയും ഒന്നോ രണ്ടോ വാക്യം മാത്രം മുഖവുര പറയാം) | |
| **15.ചാക്യാർകൂത്ത്** | എ. വേഷഭംഗി 20 മാർക്ക്<br>ബി. ഫലിതം 20 മാർക്ക്<br>സി. അക്ഷരസ്ഫുടത 20 മാർക്ക്<br>ഡി. സാഹിത്യഭംഗി 20 മാർക്ക്<br>ഇ. അവതരണപടുത്വം 20 മാർക്ക് |
| **16.ഗാനമേള** | എ. ശ്രുതി 25 മാർക്ക്<br>ബി. താളം 25 മാർക്ക്<br>സി. വിവിധ ഗായകരും വാദ്യങ്ങളും തമ്മിലുള്ള യോജിപ്പ് 25 മാർക്ക്<br>ഡി. ഗാനത്തിന്റെ സാഹിത്യം 25 മാർക്ക് |
| **17. സംഘനൃത്തം** | എ. നർത്തകർ തമ്മിലുള്ള യോജിപ്പ് 20 മാർക്ക്<br>ബി. വേഷവിധാനവും വേഷത്തിന്റെ യോജിപ്പും 20 മാർക്ക്<br>സി. ചലനം 20 മാർക്ക്<br>ഡി. താളം 20 മാർക്ക്<br>ഇ. അവതരണം 20 മാർക്ക് |
| **18.നാടകം** | എ. കഥാവസ്തു 15 മാർക്ക്<br>ബി. അഭിനയപൊരുത്തം 25 മാർക്ക്<br>സി. അവതരണം 15 മാർക്ക്<br>ഡി. സംവിധാനം 20 മാർക്ക്<br>ഇ. അഭിനയം 25 മാർക്ക് |
| **19. തിരുവാതിരക്കളി** | എ. വേഷത്തനിമ 25 മാർക്ക്<br>ബി. ചലനം 25 മാർക്ക്<br>സി. താളം 25 മാർക്ക്<br>ഡി. ചുവട് 25 മാർക്ക് |

| | |
|---|---|
| **20.ഒപ്പന/വട്ടപ്പാട്ട്** | എ. ഒപ്പനപ്പാട്ടിന്റെ ഇശൽ 20 മാർക്ക്<br>ബി. പാട്ടിന്റെ സാഹിത്യം 20 മാർക്ക്<br>സി. താളവും കയ്യടിയുടെ ചേർച്ചയും 20 മാർക്ക്<br>ഡി. ശ്രൂതിലയവും ശബ്ദഭംഗിയും 20 മാർക്ക്<br>ഇ. തനിമയാർന്ന അവതരണം 20 മാർക്ക് |
| **21. ദഫ്മുട്ട്** | എ. ബൈത്ത് മഹദ് 25 മാർക്ക്<br>ബി. ഒറ്റമുട്ട്, മൂന്നുമുട്ട്, അഞ്ചുമുട്ട്. കാഴ്ചിൻമുട്ട്, കോരിമുട്ട് ഇവയിൽ ഏതെങ്കിലും നാല് താളം അടങ്ങിയിരിക്കണം 25 മാർക്ക്<br>സി. വാദ്യവാദനം 25 മാർക്ക്<br>ഡി. അവതരണം 25 മാർക്ക് |
| **22. അറബനമുട്ട്** | എ. ബൈത്ത് 20 മാർക്ക്<br>ബി. ശ്രുതിതാളം 20 മാർക്ക്<br>സി. ഭാവം 20 മാർക്ക്<br>ഡി. മെയ്താളവും വാദ്യവാദനവും 20 മാർക്ക്<br>ഇ. അവതരണം 20 മാർക്ക് |
| **23. കോൽക്കളി** | എ. പാട്ടിന്റെ തനിമ 20 മാർക്ക്<br>ബി. താളവും കോലടക്കവും 25 മാർക്ക്<br>സി. മെയ്താളം 15 മാർക്ക്<br>ഡി. ചുവടുവെയ്പ് 25 മാർക്ക്<br>ഇ. തനിമയാർന്ന അവതരണം 15 മാർക്ക് |
| **24. മിമിക്രി** | എ. വിഷയത്തോടുള്ള നീതി പുലർത്തൽ 25 മാർക്ക്<br>ബി. അനുകരണ സാമർത്ഥ്യം 25 മാർക്ക്<br>സി. അഭിനയം 25 മാർക്ക്<br>ഡി. തന്മയത്വം 25 മാർക്ക്<br><br>കുറിപ്പ്: ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം |

| | |
|---|---|
| **25. മോണോആക്ട്** | എ. അക്ഷരസ്ഫുടത 25 മാർക്ക്<br>ബി. ആശയസ്ഫുടത 25 മാർക്ക്<br>സി. ഭാവാഭിനയം 20 മാർക്ക്<br>ഡി. സംഭാഷണം 25 മാർക്ക്<br>ഇ. പ്രമേയവും പാത്രവൽക്കരണവും 15 മാർക്ക് |
| കുറിപ്പ്: ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം | |
| **26. കേരളനടനം** | എ. ആകാരസുഷമ 20 മാർക്ക്<br>ബി. ചുവടുവെയ്പ് 20 മാർക്ക്<br>സി. മുദ്രകളുടെ വ്യക്തത 20 മാർക്ക്<br>ഡി. താളബോധം 20 മാർക്ക്<br>ഇ. അവതരണരീതി 20 മാർക്ക് |
| **27. ദേശഭക്തിഗാനം** | എ. ശ്രുതിശുദ്ധി 20 മാർക്ക്<br>ബി. താളം 20 മാർക്ക്<br>സി. ഒരേ ഈണത്തിൽ ഒരുമിച്ച് പാടുന്നതിനുള്ള മികവ് 20 മാർക്ക്<br>ഡി. അക്ഷരസ്ഫുടത 20 മാർക്ക്<br>ഇ. ഭാവം 20 മാർക്ക് |
| **28. കാർട്ടൂൺ** | എ. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്<br>ബി. രചനാശൈലി 20 മാർക്ക്<br>സി. ആക്ഷേപഹാസ്യ സാമൂഹ്യവിമർശനം 20 മാർക്ക്<br>ഡി. സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്<br>ഇ. നർമ്മബോധം 20 മാർക്ക് |
| **29. ചിത്രരചന (പെൻസിൽ)** | എ. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്<br>ബി. സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്<br>സി. പ്രയോഗസാമർത്ഥ്യം 20 മാർക്ക്<br>ഡി. രേഖകളുടേയും ഇരുൾവെളിച്ചങ്ങളുടേയും സവിശേഷത20 മാർക്ക്<br>ഇ. പൂർണ്ണത 20 മാർക്ക് |

| | |
|---|---|
| 30. ചിത്രരചന (ജലച്ഛായം) | എ. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്<br>ബി. സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്<br>സി. ജലച്ഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് 20 മാർക്ക്<br>ഡി. ശൈലി 20 മാർക്ക്<br>ഇ. പൂർണ്ണത 20 മാർക്ക് |
| 31. ചിത്രരചന (എണ്ണച്ഛായം) | എ. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്<br>ബി. സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്<br>സി. എണ്ണച്ഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് 20 മാർക്ക്<br>ഡി. ശൈലി 20 മാർക്ക്<br>ഇ. പൂർണ്ണത 20 മാർക്ക് |
| 32. പഞ്ചവാദ്യം | എ. മനോധർമ്മം 20 മാർക്ക്<br>ബി. ലയം 20 മാർക്ക്<br>സി. വാദ്യോപകരണങ്ങളുടെ യോജിപ്പ് 20 മാർക്ക്<br>ഡി. താളം 20 മാർക്ക്<br>ഇ. നാദം 20 മാർക്ക് |
| 33. വൃന്ദവാദ്യം | എ. ഉപകരണങ്ങൾ തമ്മിലുള്ള ബന്ധം 20 മാർക്ക്<br>ബി. ലയം 20 മാർക്ക്<br>സി. താളം 20 മാർക്ക്<br>ഡി. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് 20 മാർക്ക്<br>ഇ. നാദം 20 മാർക്ക് |
| 34. കഥാരചന | എ. ഭാഷ 20 മാർക്ക്<br>ബി. സർഗ്ഗാത്മകത 20 മാർക്ക്<br>സി. ആവിഷ്ക്കാര രീതി 20 മാർക്ക്<br>ഡി. സൗന്ദര്യാത്മകത 20 മാർക്ക്<br>ഇ. പ്രതിപാദനരീതി 20 മാർക്ക് |

| | | |
|---|---|---|
| **35. കവിതാരചന** | എ. ഭാഷ | 20 മാർക്ക് |
| | ബി. സർഗ്ഗാത്മകത | 20 മാർക്ക് |
| | സി. താളം | 20 മാർക്ക് |
| | ഡി. സൗന്ദര്യാത്മകത | 20 മാർക്ക് |
| | ഇ. പ്രതിപാദനരീതി | 20 മാർക്ക് |
| **36. ഉപന്യാസം** | എ. ഭാഷാലാളിത്യം | 20 മാർക്ക് |
| | ബി. വസ്തുതകളുടെ വിന്യാസം | 20 മാർക്ക് |
| | സി. അവതരണ രീതി | 20 മാർക്ക് |
| | ഡി. വിഷയത്തിലുള്ള അറിവ് | 20 മാർക്ക് |
| | ഇ. അനുബന്ധകാര്യങ്ങളുടെ റഫറൻസ് | 20 മാർക്ക് |
| **37. മാർഗ്ഗംകളി** | എ. വേഷത്തിന്റെ അനുയോജ്യത | 20 മാർക്ക് |
| | ബി. ഭക്തിഭാവം | 20 മാർക്ക് |
| | സി. താളം | 20 മാർക്ക് |
| | ഡി. ചുവട് | 20 മാർക്ക് |
| | ഇ. സംഗീതം | 20 മാർക്ക്. |
| **38. പരിചമുട്ട്കളി** | എ. വേഷത്തിന്റെ അനുയോജ്യത | 25 മാർക്ക് |
| | ബി. ഭക്തിഭാവം | 25 മാർക്ക് |
| | സി. താളം | 25 മാർക്ക് |
| | ഡി. ശ്രുതിലയം | 25 മാർക്ക് |
| **39. മാപ്പിളപ്പാട്ട്** | എ. സാഹിത്യം | 25 മാർക്ക് |
| | ബി. മാപ്പിളത്തനിമ | 25 മാർക്ക് |
| | സി. താളം | 25 മാർക്ക് |
| | ഡി. ശ്രുതിലം | 25 മാർക്ക് |
| **40. പൂരക്കളി** | എ. മുദ്ര | 20 മാർക്ക് |
| | ബി. താളം, ചുവടുവെയ്പ്പ് | 20 മാർക്ക് |
| | സി. കളിക്കാർ തമ്മിലുള്ള യോജിപ്പ് | 20 മാർക്ക് |
| | ഡി. പാട്ടും കളിയും തമ്മിലുള്ള ബന്ധം | 20 മാർക്ക് |
| | ഇ. വേഷവിധാനം | 20 മാർക്ക് |

| | | | |
|---|---|---|---|
| **41. ചെണ്ടമേളം** | എ. | താളം | 20 മാർക്ക് |
| | ബി. | ശുദ്ധി | 20 മാർക്ക് |
| | സി. | മേളത്തിന്റെ യോജിപ്പ് | 20 മാർക്ക് |
| | ഡി. | നാദം | 20 മാർക്ക് |
| | ഇ. | പൂർണ്ണത | 20 മാർക്ക് |
| **42. ചെണ്ട (തായമ്പക), മദ്ദളം** | എ. | താളം | 20 മാർക്ക് |
| | ബി. | സാധകം | 20 മാർക്ക് |
| | സി. | മേളം | 20 മാർക്ക് |
| | ഡി. | നാദം | 20 മാർക്ക് |
| | ഇ. | പൂർണ്ണത | 20 മാർക്ക് |
| **43. സംഘഗാനം** | എ. | ശ്രുതി | 35 മാർക്ക് |
| | ബി. | താളം | 35 മാർക്ക് |
| | സി. | ഗായകർ തമ്മിലുള്ള യോജിപ്പ് | 30 മാർക്ക് |
| **44. ബാൻഡ്മേളം** | എ. | ടേൺ ഔട്ട് | 20 മാർക്ക് |
| | ബി. | മാർച്ചിംഗ് & ഫോർമേഷൻ | 20 മാർക്ക് |
| | സി. | സ്റ്റാൻഡിങ് പ്ലേ | 20 മാർക്ക് |
| | ഡി. | ഉപകരണങ്ങളുടെ ഉപയോഗം | 20 മാർക്ക് |
| | ഇ. | ദേശീയഗാനം | 20 മാർക്ക്. |
| **45. കൊളാഷ്** | എ. | തന്നിട്ടുള്ള വിഷയവുമായി ബന്ധം | 20 മാർക്ക് |
| | ബി. | കോമ്പിനേഷൻ | 20 മാർക്ക് |
| | സി. | പ്രയോഗരീതി | 20 മാർക്ക് |
| | ഡി. | വിവിധ മാധ്യമങ്ങളുടെ സങ്കലനം | 20 മാർക്ക് |
| | ഇ. | പൂർണ്ണത | 20 മാർക്ക് |

| | | | |
|---|---|---|---|
| 46. യക്ഷഗാനം | എ. | ആഹാര്യം | 20 മാർക്ക് |
| | ബി. | വേഷം | 20 മാർക്ക് |
| | സി. | അവതരണം | 20 മാർക്ക് |
| | ഡി. | കഥാവസ്തു | 20 മാർക്ക് |
| | ഇ. | ചുവടുവെയ്പ്പ് | 20 മാർക്ക് |

## അറബിക് സാഹിത്യോൽസവം

## മൂല്യനിർണയോപാധികൾ

| | | | | |
|---|---|---|---|---|
| 1. | കയ്യെഴുത്ത് | എ. | വ്യക്തത | 25 മാർക്ക് |
| | | ബി. | രൂപഭംഗി | 25 മാർക്ക് |
| | | സി. | വേഗത | 25 മാർക്ക് |
| | | ഡി. | അനുപാതക്രമം | 25 മാർക്ക് |
| 2. | പദനിർമ്മാണം | എ. | ഭാഷാജ്ഞാനം | 25 മാർക്ക് |
| | | ബി. | പദസമ്പത്ത് | 25 മാർക്ക് |
| | | സി. | നിർമ്മാണശേഷി | 25 മാർക്ക് |
| | | ഡി. | പദങ്ങളുടെ എണ്ണം | 25 മാർക്ക് |
| 3. | ഖുറാൻ പാരായണം | എ. | തജ് വീദ് നിയമങ്ങൾ | 40 മാർക്ക് |
| | | ബി. | സ്വരം | 30 മാർക്ക് |
| | | സി. | അവധാനത | 30 മാർക്ക് |
| 4. | പദ്യംചൊല്ലൽ | എ. | മനഃപാഠം | 25 മാർക്ക് |
| | | ബി. | ഉച്ചാരണശൈലി | 25 മാർക്ക് |
| | | സി. | അവതരണഭംഗി | 25 മാർക്ക് |
| | | ഡി. | മിതമായ ഭാവപ്രകടനം | 25 മാർക്ക് |
| 5. | കഥ പറയൽ | എ. | മനഃപാഠം | 25 മാർക്ക് |
| | | ബി. | ഉച്ചാരണശുദ്ധി | 25 മാർക്ക് |
| | | സി. | അവതരണഭംഗി | 25 മാർക്ക് |
| | | ഡി. | ഭാവപ്രകടനം | 25 മാർക്ക് |

| | | | | |
|---|---|---|---|---|
| 6. | അഭിനയഗാനം | എ. | അവതരണഭംഗി | 40 മാർക്ക് |
| | | ബി. | സ്വാഭാവികത | 30 മാർക്ക് |
| | | സി. | ഭാവാഭിനയം | 30 മാർക്ക് |
| 7. | അറബിഗാനം | എ. | സ്വരഭംഗി | 30 മാർക്ക് |
| | | ബി. | ശ്രുതിലമം, താളം | 40 മാർക്ക് |
| | | സി. | ആശയഗ്രഹണം | 30 മാർക്ക് |
| 8. | സംഘഗാനം | എ. | അവതരണരീതി | 25 മാർക്ക് |
| | | ബി. | ശ്രുതിലയം, താളം | 25ാർക്ക് |
| | | സി. | ആശയഗ്രഹണം | 25 മാർക്ക് |
| | | ഡി. | സംഘാംഗങ്ങൾ തമ്മിലുള്ള ചേർച്ച | 25 മാർക്ക് |
| 9. | ഗദ്യവായന | എ. | ഉച്ചാരണസ്ഫുടത | 25 മാർക്ക് |
| | | ബി. | ആശയഗ്രഹണം | 25 മാർക്ക് |
| | | സി. | മിതവേഗത | 25 മാർക്ക് |
| | | ഡി. | ശാരീരം, ഭാവം | 25 മാർക്ക് |
| 10. | നിഘണ്ടു നിർമ്മാണം | എ. | സൂക്ഷ്മത | 25 മാർക്ക് |
| | | ബി. | വേഗത | 25 മാർക്ക് |
| | | സി. | അർത്ഥപൂർണ്ണത | 25 മാർക്ക് |
| | | ഡി. | വ്യക്തത | 25 മാർക്ക് |
| 11. | പദകേളി | എ. | പദസമ്പത്ത് | 40 മാർക്ക് |
| | | ബി. | സ്പഷ്ടത | 30 മാർക്ക് |
| | | സി. | പരസ്പര ബന്ധം | 30 മാർക്ക് |
| 12. | വിവർത്തനം (അറബിയാക്കൽ) | എ. | ആശയവ്യക്തത | 25 മാർക്ക് |
| | | ബി. | വാചക ഘടന | 25 മാർക്ക് |
| | | സി. | വേഗത | 25 മാർക്ക് |
| | | ഡി. | പദ സമ്പത്ത് | 25 മാർക്ക് |

| | | | | |
|---|---|---|---|---|
| 13. | പദപ്പയറ്റ് | എ. | പദസമ്പത്ത് | 50 മാർക്ക് |
| | | ബി. | അർത്ഥ ധാരണ | 50 മാർക്ക് |
| 14. | സംഭാഷണം | എ. | സംഭാഷണ ചാതുര്യം | 25 മാർക്ക് |
| | | ബി. | ഉച്ചാരണ സ്ഫുടത | 25 മാർക്ക് |
| | | സി. | ആശയ പൊരുത്തം | 25 മാർക്ക് |
| | | ഡി. | അവതരണ ഭംഗി | 25 മാർക്ക് |
| 15. | ക്യാപ്ഷൻ രചന | എ. | ഭാവന | 40 മാർക്ക് |
| | | ബി. | ആശയവ്യക്തത | 30 മാർക്ക് |
| | | സി. | നർമ്മ ബോധം | 30 മാർക്ക് |
| 16. | പോസ്റ്റർ നിർമ്മാണം | എ. | ആശയ വ്യക്തത | 40 മാർക്ക് |
| | | ബി. | പ്രശ്ന സമീപനം | 30 മാർക്ക് |
| | | സി. | ഭാഷാ സാഹിത്യം | 30 മാർക്ക് |
| 17. | ചിത്രീകരണം | എ. | പ്രമേയം | 20 മാർക്ക് |
| | | ബി. | മനപാഠം | 20 മാർക്ക് |
| | | സി. | അവതരണം | 15 മാർക്ക് |
| | | ഡി. | സംഭാഷണം | 15 മാർക്ക് |
| | | ഇ. | അഭിനയം | 15 മാർക്ക് |
| | | എഫ്. | വേഷം | 15 മാർക്ക് |
| 18. | മുസാറ | എ. | പൂർണ്ണത | 40 മാർക്ക് |
| | | ബി. | വേഗത | 30 മാർക്ക് |
| | | സി. | സ്ഫുടത | 30 മാർക്ക് |

## <u>സംസ്കൃതോൽസവം</u>

### <u>മൂല്യനിർണയോപാധികൾ</u>

| | | | | |
|---|---|---|---|---|
| 1. | **കവിതാരചന** (90 മിനിട്ട്) | എ. | ആശയം | 25 മാർക്ക് |
| | | ബി. | ഭാഷ | 25 മാർക്ക് |
| | | സി. | രചനാവൈഭവം | 25 മാർക്ക് |
| | | ഡി. | താളബോധം | 25 മാർക്ക് |
| 2. | **കഥാരചന** (90 മിനിട്ട്) | എ. | ആശയം | 25 മാർക്ക് |
| | | ബി. | ഭാഷ | 25 മാർക്ക് |
| | | സി. | രചനാസാമർത്ഥ്യം | 25 മാർക്ക് |
| | | ഡി. | അവതരണം | 25 മാർക്ക് |
| 3. | **ഉപന്യാസ രചന** (90 മിനിട്ട്) | എ. | ഭാഷ | 25 മാർക്ക് |
| | | ബി. | വിഷയവിശകലനം | 25 മാർക്ക് |
| | | സി. | വിഷയക്രമീകരണം | 25 മാർക്ക് |
| | | ഡി. | വിഷയസമർത്ഥനം | 25 മാർക്ക് |
| 4. | സമസ്യാപൂരണം | എ. | ഭാഷ | 25 മാർക്ക് |
| | | ബി. | പൂരണഭംഗി | 25 മാർക്ക് |
| | | സി. | ഔചിത്യം | 25 മാർക്ക് |
| | | ഡി. | വൃത്തബോധം | 25 മാർക്ക് |
| 5 | **പ്രശ്നോത്തരി** | (സമയം വിധികർത്താക്കൾ നിർണയിക്കും. | | |
| 6. | **അക്ഷരശ്ലോകം** | (സമയം വിധികർത്താക്കൾ നിർണയിക്കും). | | |
| | | എ. | അക്ഷരസ്ഫുടത | 25 മാർക്ക് |
| | | ബി. | മനഃപാഠം | 25 മാർക്ക് |
| | | സി. | ചൊല്ലുന്ന രീതി | 25 മാർക്ക് |
| | | ഡി. | ശ്ലോകങ്ങളുടെ നിലവാരം | 25 മാർക്ക് |

| | | | |
|---|---|---|---|
| 7. **പ്രഭാഷണം** (5 മിനിട്ട്) | എ. | ഭാഷാശുദ്ധി | 20 മാർക്ക് |
| | ബി. | അക്ഷരസ്ഫുടത | 20 മാർക്ക് |
| | സി. | ആശയസ്ഫുടത | 20 മാർക്ക് |
| | ഡി. | ശബ്ദക്രമീകരണം | 20 മാർക്ക് |
| | ഇ. | മിതമായ ഭാവം | 10 മാർക്ക് |
| | എഫ് | അവതരണം | 10 മാർക്ക് |
| 8. **കഥാകഥനം** (5 മിനിട്ട്) | എ. | ഉച്ചാരണം | 25 മാർക്ക് |
| | ബി. | കഥാവസ്തു | 25 മാർക്ക് |
| | സി. | അഭിനയം | 25 മാർക്ക് |
| | ഡി. | അവതരണം | 25 മാർക്ക് |
| 9. **ചമ്പുപ്രഭാഷണം** (10 മിനിട്ട്)ചമ്പുപ്രഭാഷണം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് സംസ്കൃതത്തിൽ രചിക്കപ്പെട്ട കഥാപ്രസംഗമാണ്. ഇതിന്റെ അവതരണം കഥാപ്രസംഗത്തിന് സമാനമായിരിക്കണം. പിന്നണി നിർബന്ധമില്ല. ഉണ്ടെങ്കിൽ വിദ്യാർത്ഥികൾ തന്നെമായിരിക്കണം. പിന്നണി മൂല്യനിർണ്ണയത്തിന് പരിഗണിക്കേണ്ടതില്ല. | | | |
| | എ. | ഉച്ചാരണം | 20 മാർക്ക് |
| | ബി. | ഭാഷ | 20 മാർക്ക് |
| | സി. | ആശയാവിഷ്കാരം | 20 മാർക്ക് |
| | ഡി. | ഭാവം | 15 മാർക്ക് |
| | ഇ. | സാഹിത്യാനുഗുണമായ സംഗീതം | 15 മാർക്ക് |
| | എഫ്. | അവതരണം | 10 മാർക്ക് |
| 10. **ഗദ്യപാരായണം** (5 മിനിട്ട് - ഒരേ ഗദ്യഭാഗംതന്നെ എല്ലാ വിദ്യാർഥികളും വായിക്കേണ്ടതാണ്) | എ. | അക്ഷരസ്ഫുടത | 25 മാർക്ക് |
| | ബി. | അർത്ഥസ്ഫുടത | 25 മാർക്ക് |
| | സി. | ഉച്ചാരണശുദ്ധി | 25 മാർക്ക് |
| | ഡി. | പാരായണഭംഗി | 25 മാർക്ക് |

11. **പാഠകം** (15 മിനിട്ട്)

| | | |
|---|---|---|
| എ. | വേഷം | 25 മാർക്ക് |
| ബി. | ഉച്ചാരണശൈലി | 25 മാർക്ക് |
| സി. | സാഹിത്യം | 25 മാർക്ക് |
| ഡി. | അവതരണം | 25 മാർക്ക് |

12. **പദ്യോച്ചാരണം** (5 മിനിട്ട്)

| | | |
|---|---|---|
| എ. | മനഃപ്പാഠം | 25 മാർക്ക് |
| ബി. | അക്ഷരസ്ഫുടത | 25 മാർക്ക് |
| സി. | അർത്ഥം, ആശയം എന്നിവയുടെ ഗ്രഹണം | 25 മാർക്ക് |
| ഡി. | മിതമായ ഭാവപ്രകടനം (സംഗീതത്തിന് പ്രാധാന്യം നൽകേണ്ടതില്ല). | 25 മാർക്ക്. |

13. **അഷ്ടപദി** (10 മിനിട്ട്) രാഗംപാടി ശ്ലോകം കഴിഞ്ഞ് പദം തുടങ്ങണം. ഏത് രാഗത്തിലാണോ പദം പാടാൻ ആരംഭിക്കുന്നത് ആ രാഗത്തിൽ തന്നെവേണം. ശ്ലോകത്തിനുമുൻപുള്ള രാഗാലാപനം. ഗീതാഗോവിന്ദത്തിലെ (ജയദേവകൃതി) ചിട്ടപ്പെടുത്തിയ പദങ്ങൾ തന്നെ ആലപിക്കണം. പാട്ടിനൊപ്പം ഇടയ്ക്കയോ, ചേങ്ങിലയോ ഉപയോഗിക്കേണ്ടതാണ്. പാടുന്നവർ തന്നെ അതുപയോഗിക്കണം.

| | | |
|---|---|---|
| എ. | ഉച്ചാരണശുദ്ധി | 20 മാർക്ക് |
| ബി. | ശാരീരം | 20 മാർക്ക് |
| സി. | താളം | 20 മാർക്ക് |
| ഡി. | ജ്ഞാനഭാവം | 20 മാർക്ക് |
| ഇ. | ലയം | 20 മാർക്ക് |

14. **സിദ്ധരൂപോച്ചാരണം** (5 മിനിട്ട്) ‘അ’ കാരാന്ത ‘ഇ’ കാരാന്ത ‘ഉ’ കാരാന്ത പുല്ലിംഗ ശബ്ദങ്ങളും ‘ആ’ കാരാന്ത സ്ത്രിലിംഗ ശബ്ദവും ‘അസ്മത്‘‘ ശബ്ദവും, ‘പഠ്’ ‘വന്ദ്’ എന്നീ ധാതുക്കളുടെ ‘ലട്, ലങ്, ല’ കാരത്തിലെ രൂപങ്ങളും മാതമെ മത്സരത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. ഇവയിൽ നിന്ന് നറുക്കിട്ടെടുക്കുന്ന ഒരു ശബ്ദരൂപവും ഒരു ധാതുവിന്റെ ഒരു ‘ല’കാരത്തിലെ രൂപവും പൂർണ്ണമായും ചൊല്ലേണ്ടതാണ്. ഒരു ശബ്ദത്തിന്റെ പ്രത്യേക വിഭക്തിയോ ഒരു ‘ല’ കാരത്തിന്റെ ഏതെങ്കിലും പുരുഷ രൂപമോ എടുത്തു ചോദിച്ചാലും മത്സരാർത്ഥിക്ക് പറയുവാൻ കഴിയണം. ശബ്ദത്തിന്റെ അന്തലിംഗ വിഭക്തി പറഞ്ഞുകൊണ്ടും ധാതു രൂപത്തിന്റെ ധാതുപദാലങ്കാര പുരുഷവചനങ്ങൾ പറഞ്ഞുകൊണ്ടും ചൊല്ലണം.

| | | | |
|---|---|---|---|
| | എ. | മനഃപ്പാഠം | 50 മാർക്ക് |
| | ബി. | ഉച്ചാരണശുദ്ധി | 50 മാർക്ക് |
| 15. **ഗാനാലാപനം** (5 മിനിട്ട്) സംസ്കൃതഭാഷയിൽ രചിക്കപ്പെട്ട ഗീതങ്ങൾ ആലപിക്കണം. ലളിത സംഗീതത്തിന് പ്രാധാന്യം നൽകണം. | | | |
| | എ. | ശാരീരം | 20 മാർക്ക് |
| | ബി. | ശ്രുതിലയം | 20 മാർക്ക് |
| | സി. | താളം | 20 മാർക്ക് |
| | ഡി. | ജ്ഞാനഭാവം | 20 മാർക്ക് |
| | ഇ. | സാഹിത്യശുദ്ധി | 20 മാർക്ക് |
| 16. **സംഘഗാനം** (5 മിനിട്ട്) പങ്കെടുക്കുന്നവരുടെ എണ്ണം 7. പിന്നണി പാടില്ല. സംസ്കൃത്തിൽ എഴുതിയിട്ടുള്ള ഗീതങ്ങൾ ആലപിക്കണം. | | | |
| | എ. | ശ്രുതി | 25 മാർക്ക് |
| | ബി. | താളം | 25 മാർക്ക് |
| | സി. | ലയം | 25 മാർക്ക് |
| | ഡി. | സംഘാംഗങ്ങളുടെ സ്വരച്ചേർച്ച | 25 മാർക്ക് |
| 17. **വന്ദേമാതരാലാപനം** (70 സെക്കന്റ്) പങ്കെടുക്കുന്നവരുടെ എണ്ണം 7. ആദ്യത്തെ എട്ട് വരികൾ മാത്രം ചൊല്ലിയാൽ മതി. | എ. | അക്ഷരശുദ്ധി | 25 മാർക്ക് |
| | ബി. | സംഘാംഗങ്ങളുടെ സ്വരച്ചേർച്ച | 25 മാർക്ക് |
| | സി. | താളം | 25 മാർക്ക് |
| | ഡി. | അവതരണം | 25 മാർക്ക് |
| 18. **കൂടിയാട്ടം** (30 മിനിട്ട്) പങ്കെടുക്കുന്നവരുടെ എണ്ണം 7. പരമ്പരാഗത രീതിയിൽത്തന്നെ ആയിരിക്കണം. | എ. | വേഷം | 20 മാർക്ക് |
| | ബി. | ഉച്ചാരണം | 20 മാർക്ക് |
| | സി. | മുദ്ര | 20 മാർക്ക് |
| | ഡി. | ഭാവം | 20 മാർക്ക് |
| | ഇ. | അവതരണം | 20 മാർക്ക് |

19. **നാടകം** (30 മിനിട്ട്) വിദ്യാർത്ഥികൾ തന്നെമായിരിക്കണം പിന്നണി ഉപയോഗിക്കാവുന്നത്. വിധികർത്താക്കളെ സംസ്കൃത പണ്ഡിതന്മാരോടൊപ്പം നാടകാഭിനയത്തിന്റെ സാങ്കേതികതകളിൽ അറിവുള്ളവരും◌ം ഉണ്ടായിരിക്കണം. കഥാവസ്തു ആധുനികമോ പൗരാണികമോ ആകാം.

| | | |
|---|---|---|
| എ. | കഥാവസ്തു | 20 മാർക്ക് |
| ബി. | സംഭാഷണം | 20 മാർക്ക് |
| സി. | അഭിനയം | 20 മാർക്ക് |
| ഡി. | വേഷം | 20 മാർക്ക് |
| ഇ. | അവതരണം | 20 മാർക്ക് |

അനുബന്ധം II

**(ഉപജില്ലയുടെ പേര്) ഉപജില്ല സ്ക്കൂൾ കലോത്സവം (അദ്ധ്യയന വർഷം)**

(കലോൽസവം നടക്കുന്ന സ്കൂളിന്റെ പേര്)

**പ്രവേശന ഫോറം**

സ്ക്കൂളിന്റെ പേര് ........................................................................ കോഡ് ................

ഫോൺ നമ്പരുകൾ:സ്കൂൾ ............................ ഹെഡ് മാസ്റ്റർ ...........................

ചുമതലയുള്ള അദ്ധ്യാപകർ ....................................................

| പ്രോഗ്രാം ഓഫീസ് ഉപയോഗത്തിന് | ക്രമനമ്പർ | പങ്കെടുക്കുന്ന കുട്ടിയുടെ പേര് (പേര് ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ എഴുതുക. ഒരു കുട്ടിയുടെ പേര് ഒരു പ്രാവശ്യം മാത്രം എഴുതുക) | ക്ലാസ്സ് | ആൺ/ പെൺ | പങ്കെടുക്കുന്ന ഇനങ്ങളുടെ കോഡ്നമ്പർ(ഒരു ചതുരത്തിൽ ഒരു കോഡിന്റെ എല്ലാ അക്കങ്ങളും എഴുതുക. പിന്നണിയിൽ പങ്കെടുക്കുന്ന ഇനങ്ങളുടെ കോഡ് ചുവന്ന വൃത്തം കൊണ്ട് അടയാളപ്പെടുത്തുക) | | | | | | | | | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |

പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം. ആൺകുട്ടികൾ............ പെൺകുട്ടികൾ.............. ആകെ.........................

സ്കൂളിലെ ആകെ കുട്ടികളുടെ എണ്ണം. എൽ. പി.................... യു. പി.................. എച്ച്.എസ്. ..................

എച്ച്. എസ്. എസ്. ......................... വി. എച്ച്. എസ്. ഇ. .......................... ആകെ .........................................

(കുട്ടികളുടെ എണ്ണം അവസാന പേജിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും)

ടീം മാനേജരുടെ പേരും ഒപ്പും..........................................................................................................................

***<u>സത്യപ്രസ്താവന</u>***

മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും കേരള സ്കൂൾ കലോൽസവ മാനുവലിന് അനുസരണമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :................................................

തീയതി :................................................ (ഓഫീസ് മുദ്ര) ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പൽ ഒപ്പ്

# അനുബന്ധം - III

## മാതൃകാഫാറം

## കേരള സ്കൂൾ കലോത്സവം

## അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫാറം

1. കുട്ടിയുടെ പേര് :
2. സ്കൂളിന്റെ പേര് :
3. ജില്ലയുടെ പേര് :
4. പങ്കെടുത്ത ഇനം :
5. വേദിയുടെ പേരും നമ്പരും :
6. രജിസ്റ്റർ നമ്പർ :
7. കോഡ് നമ്പർ :
8. മത്സരത്തിൽ ലഭിച്ച സ്ഥാനം :
9. മത്സരം നടന്ന തീയതിയും സമയവും :
10. വിധിപ്രഖ്യാപനം നടത്തിയ തീതതി :
11. അപ്പീൽ സമർപ്പിക്കാനുണ്ടായ കാരണം :
12. മത്സരാർത്ഥിയുടെ ഒപ്പ് :
13. ടീം മാനേജരുടെ പേരും ഒപ്പും :
14. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും:

***അഫീസ് ഉപയോഗത്തിന്***

1. അപ്പീൽ നമ്പർ :
2. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും:
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം :
4. റിമാർക്സ് :

ഒപ്പ്

**ചെയർമാൻ**

**അപ്പീൽ കമ്മിറ്റി**

# അനുബന്ധം IV

## മാതൃകാഫാറം

## കേരള സ്കൂൾ കലോത്സവം
## അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്

വിഷയം :

സൂചന :

ഉത്തരവ് നമ്പർ ............................................തീയതി.................................................

(മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം)

(കാര്യകാരണ വിശകലന റിപ്പോർട്ട്)

(അപ്പീലിന്മേലുള്ള തീരുമാനം)

ഒപ്പ്

**ചെയർമാൻ**

**അപ്പീൽ കമ്മിറ്റി**

മത്സരാർത്ഥിയുടെ പേരും വിലാസവും

# അനുബന്ധം V

## കേരള സ്കൂൾ കലോത്സവം

(വിധി കർത്താക്കൾ/ അപ്പീൽ കമ്മിറ്റി അംഗങ്ങൾക്കുള്ളത്)

## സത്യപ്രസ്താവന

എന്റെ മക്കളോ, ബന്ധുക്കളോ, ശിഷ്യൻമാരോ ആരും തന്നെ ഞാൻ വിധിനിർണ്ണയം നടത്തുന്ന/ അപ്പീലിന് വിധേയമായ മത്സര ഇനത്തിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്

തീയതി പേര്

വൈ.2/25337/2012/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 30.10.2012.

## സർക്കുലർ

വിഷയം:- സംസ്ഥാന സ്കൂൾ കലോത്സവം - മാനുവൽ പരിഷ്ക്കരിച്ച് കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്
സൂചന:- സ.ഉ.(എം.എസ്.)നം.338/12/പൊ.വി. തീയതി, 18.10.12.

സൂചന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മാനുവൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം മാനുവലിൽ താഴെപ്പറയുന്ന രീതിയിലുള്ള മാറ്റങ്ങൾ വരുത്തി 2012-13 വർഷത്തെ കലോത്സവം മുതൽ നടത്തേണ്ടതാണ്.

## പുതിയതായി ചേർത്ത ഇനങ്ങൾ

1 ചവിട്ടുനാടകം, വഞ്ചിപ്പാട്ട്, നങ്ങ്യാർകൂത്ത്, നാടൻപ്പാട്ട്, അറബി പ്രസംഗം (ഹയർ സെക്കണ്ടറി) ഉറുദ്ദു വിഭാഗത്തിൽ കവിതാരചന, ക്വിസ്സ്, സംഘഗാനം, ഗസൽ ആലാപനം, പ്രസംഗം.

## മാനുവലിൽ കൂട്ടിചേർത്ത ഇനങ്ങളും മാറ്റങ്ങളും

### കാറ്റഗറി - 2 (അപ്പർ പ്രൈമറി)

**അദ്ധ്യായം - 3**

| | |
|---|---|
| ക്രമ നം. 25 കവിതാരചന - ഉറുദ്ദു | 120 മിനിറ്റ് |
| ക്രമ നം. 26 - ക്വിസ് (ഉറുദ്ദു) | സമയം വിധികർത്താക്കൾ നിശ്ചയിക്കും. |
| ക്രമ നം. 27 സംഘഗാനം 7 പേർ | 10 മിനിറ്റ് |
| ക്രമ നം. 28 തിരുവാതിര 10 പേർ | 10 മിനിറ്റ് |
| ക്രമ നം. 29 ഒപ്പന 10 പേർ | 10 മിനിറ്റ് |
| ക്രമ നം. 30 സംഘനൃത്തം 7 പേർ | 10 മിനിറ്റ് |
| ക്രമ നം. 31 ദേശഭക്തിഗാനം 7 പേർ | 5 മിനിറ്റ് |
| ക്രമ നം. 32 നാടകം 7 +3 (പിന്നണി) | 30 മിനിറ്റ് |
| ക്രമ നം. 33 സംഘഗാനം (ഉറുദ്ദു) 7 പേർ | 10 മിനിറ്റ് |

3.05 1 മുതൽ 26 വരെയുള്ള ഇനങ്ങളിൽ എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 13 ഇനങ്ങളും 27 മുതൽ 33 വരെയുള്ള ഗ്രൂപ്പിനങ്ങളിൽ ടോപ്പ് സ്കോർ നേടിയ 3 ഗ്രൂപ്പിനങ്ങളും ഉപജില്ലാ മത്സരത്തിന് അയയ്ക്കാവുന്നതാണ്.

കാറ്റഗറി – III ഹൈസ്കൂൾ വിഭാഗം

അദ്ധ്യായം – 4

വിഭാഗം – 2

(5) ഉറുദ്ദു ഗസൽ ആലാപനം – 10 മിനിറ്റ് പൊതുമത്സരം

ഈ വിഭാഗത്തിൻ നിന്നും (എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം (മൂന്ന് കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

കാറ്റഗറി – III

വിഭാഗം – 5

(8) നങ്ങ്യാർകൂത്ത് (പെൺ) – 20 മിനിറ്റ്

ഈ വിഭാഗത്തിൽ നിന്നും ( എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം (4 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

കാറ്റഗറി – III

വിഭാഗം – 7

(14) പ്രസംഗം ഉറുദ്ദു – 5 മിനിറ്റ് പൊതുമത്സരം

കാറ്റഗറി – III

വിഭാഗം – 14

| | | |
|---|---|---|
| 1 | ചവിട്ടുനാടകം (10 പേർ) | 20 മിനിറ്റ് പൊതുമത്സരം |
| 2 | വഞ്ചിപ്പാട്ട് (10 പേർ) | 10 മിനിറ്റ് പൊതുമത്സരം |
| 3 | നാടൻപാട്ട് ( 7 പേർ) | 10 മിനിറ്റ് പൊതുമത്സരം |
| 4 | സംഘഗാനം (ഉറുദ്ദു) ( 7 പേർ) | 10 മിനിറ്റ് പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും (എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഗ്രൂപ്പ് അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

അദ്ധ്യായം – 5

കാറ്റഗറി – 4 – (ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)

വിഭാഗം – 2

(9) ഗസൽ ആലാപനം (ഉറുദു) – 10 മിനിറ്റ് പൊതുമത്സരം

(ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം (3 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.)

കാറ്റഗറി – IV

വിഭാഗം – 4

(14) നങ്ങ്യാർകൂത്ത് (പെൺ) 20 മിനിറ്റ്

(ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 6 ഇനം (6 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്).

കാറ്റഗറി – IV

വിഭാഗം – 5

| | |
|---|---|
| (24) പ്രസംഗം (അറബി) | 5 മിനിറ്റ് പൊതുമത്സരം |
| (25) ക്വിസ് (ഉറുദു) | സമയം വിധികർത്താക്കൾ നിശ്ചയിക്കും<br>പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 7 ഇനം (7 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.

കാറ്റഗറി – IV

വിഭാഗം – 12

| | | |
|---|---|---|
| 1 | ചവിട്ടു നാടകം 10 പേർ | 20 മിനിറ്റ് പൊതുമത്സരം |
| 2 | വഞ്ചിപ്പാട്ട് 10 പേർ | 10 മിനിറ്റ് പൊതുമത്സരം |
| 3 | നാടൻപാട്ട് 7 പേർ | 10 മിനിറ്റ് പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഗ്രൂപ്പുകൾക്ക് അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.

## എ. അപ്പീൽ ഫീസ്

1. അപ്പീൽ ഫീസ് താഴെപ്പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിരിക്കുന്നു.

| | |
|---|---|
| സ്കൂൾ | - മാറ്റമില്ല |
| ഉപജില്ല | - 1000/- |
| ജില്ല | - 2500/- |
| സംസ്ഥാനം | - 5000/- |

2. അപ്പീലുകളിൽ തീർപ്പു കൽപിക്കുന്നതിന് സബ്ജില്ലാതലം മുതൽ വീഡിയോ റിക്കാർഡിംഗ് സഹായത്തോടെ ആയിരിക്കണം. വീഡിയോ റിക്കാർഡിംഗിന് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.
3. അപ്പീൽ തീരുമാന ഉത്തരവുകൾ 2 ദിവസത്തിനകം നൽകണം.
4. വിധി നിർണ്ണയത്തിൽ അപാകത വരുത്തുന്ന വിധികർത്താക്കളെ കരുംപട്ടികയിൽ ഉൾപ്പെടുത്തണം.

## ബി. വിധികർത്താക്കളുടെ നിയമനം

1. സ്കൂൾതലം:- ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നിയമിക്കേണ്ടതാണ്. സ്കൂൾതല മത്സരത്തെക്കുറിച്ച് കുട്ടികൾക്ക് മുൻകൂട്ടി അറിയിപ്പു കൊടുക്കണം.
2. സബ്ജില്ല:- എ.ഇ.ഒ.മാർ, ഡി.ഡി.ഇ.മാർ തയ്യാറാക്കുന്ന പാനലിൽ നിന്നും വിധികർത്താക്കളെ നിയമിക്കണം.
3. ജില്ലാതലം:- സബ്ജില്ല, റവന്യൂ ജില്ലകളുടെ പാനൽ തയ്യാറാക്കി ഒരു മാസം മുൻപ് ഡി.പി.ഐ.യുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.

വിധികർത്താക്കളുടെ പേരുവിവരവും യോഗ്യതയും ഉപജില്ലാതലം മുതൽ മത്സരം തുടങ്ങുന്നതിന് മുമ്പ് സ്റ്റേജിൽ അനൗൺസ് ചെയ്യേണ്ടതാണ്.

## സി. മത്സരങ്ങളുടെ സമയക്രമീകരണം

| | |
|---|---|
| സ്കൂൾതലം | - സെപ്റ്റംബർ |
| സബ്ജില്ല | - ഒക്ടോബർ |
| ജില്ലാതലം | - നവംബർ |

1. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, പാലക്കാട്, തൃശ്ശൂർ - നവംബർ 1 മുതൽ 10 വരെ
2. കാസർഗോഡ്, വയനാട്, ഇടുക്കി, ആലപ്പുഴ - നവംബർ 11 മുതൽ 20 വരെ
3. കണ്ണൂർ, മലപ്പുറം, എറണാകുളം, പത്തനംതിട്ട, കൊല്ലം - നവംബർ 21 മുതൽ 30 വരെ

സംസ്ഥാനതലം-ജനുവരി (ആദ്യ വാരം)

## ഡി. ഗ്രേസ് മാർക്ക്

+1, +2 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ കലോത്സവങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് +1 ന് നേടുന്ന ഗ്രേസ് മാർക്ക് ആ വർഷത്തെ പൊതുപരീക്ഷയ്ക്കും +2 ന് നേടുന്ന ഗ്രേസ് മാർക്ക് 2–ാം വർഷത്തെ പൊതുപരീക്ഷക്കും മാത്രമേ അനുവദിക്കുകയുള്ളു. +1 ന് നേടുന്ന ഗ്രേസ് മാർക്ക് +2 പരീക്ഷക്ക് അനുവദിക്കുന്നതല്ല.

## നിബന്ധനകൾ

### നാടൻപാട്ട്

| | |
|---|---|
| 1 | പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. |
| 2 | വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. അനുഷ്ഠാനപ്പാട്ടുകൾ, ഉത്സവപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ |
| 3 | പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കുട്ടികൾ തന്നെ ഉപയോഗിക്കണം |
| 4 | പിന്നണി പാടില്ല |
| 5 | ഇലക്ട്രോണിക് ഉപകരണങ്ങളോ കരാക്കോ സി.ഡി. സംവിധാനങ്ങളോ ഉപയോഗിക്കാൻ പാടില്ല |
| 6 | വേഷ സംവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. |

### വഞ്ചിപ്പാട്ട്

10 പേരിൽ ഒരാൾ താളക്കാരൻ. ഒരാൾ മുഖ്യ പാട്ടുകാരൻ (തലപ്പാട്ട്). 8 പേർ ഏറ്റുപാടും.

വെച്ചുപ്പാട്ട്, കുട്ടനാടൻ ശൈലി, ആറന്മുള ശൈലി എന്നിവയിൽ ഏതു വേണമെങ്കിലും അവതരിപ്പിക്കാം. ഏതു ശൈലി എന്നത് മത്സരാർത്ഥികൾ മത്സരത്തിനുമുമ്പ് വേദിയിൽ അറിയിക്കണം.

### നങ്ങ്യാർക്കൂത്ത്

പക്കമേളം – മിഴാവ് – 2
ഇടയ്ക്ക – 1
താളം – 1
ആകെ 4 പേർ പിന്നണിയിൽ

(പിന്നണിയിൽ കുട്ടികൾ തന്നെ ആവണമെന്ന് നിർബന്ധമില്ല)

### ചവിട്ടു നാടകം

മത്സരത്തിന് സി.ഡി. മാത്രമേ ഉപയോഗിക്കാവൂ

## ഉറുദ്ദു ഗസൽ ആലാപനം

ഉറുദ്ദു ഗസൽ മനപ്പാഠമായിരിക്കണം. സംഗീത ഉപകരണങ്ങളും പിന്നണിയും പാടില്ല. മുഖവുര ഉറുദ്ദു ഭാഷയിൽ ഒന്നോ രണ്ടോ വാക്യങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്.

## ഉറുദ്ദു സംഘഗാനം

വസ്ത്രാലങ്കാരത്തിന് പ്രത്യേക മാർക്ക് നൽകേണ്ടതില്ല. പിന്നണിയോ സംഗീത ഉപകരണങ്ങളോ ആവശ്യമില്ല.

## ഉറുദ്ദു ക്വിസ് യു.പി.

പ്രൈമറി പാഠപുസ്തകത്തിൽ നിന്നും 50% ചോദ്യങ്ങൾ

സാഹിത്യം യു.പി. നിലവാരം 25%

പൊതുവിജ്ഞാനം ഉറുദ്ദു ബന്ധിതം 25%

## ഉറുദ്ദു ക്വിസ് ഹയർ സെക്കണ്ടറി

ഉറുദ്ദു സാഹിത്യം 50%

ഉറുദ്ദു ഭാഷാശാസ്ത്രം, ഭാഷാ ചരിത്രം 25%

ഉറുദ്ദു പൊതുവിജ്ഞാനം 25%

(മേൽ നിബന്ധനകൾ വച്ചുവേണം ക്വിസ് മത്സരത്തിന് ചോദ്യം തയ്യാറാക്കാൻ)

## മൂല്യനിർണ്ണയോപാധികൾ

### നാടൻപ്പാട്ട്

(എ) സാഹിത്യം - 20 മാർക്ക്

(ബി) താളം, ഈണം - 20 മാർക്ക്

(സി) ഉച്ചാരണം - 20 മാർക്ക്

(ഡി) ഏറ്റുപാട്ടുകാരുടെ യോജിപ്പ് - 20 മാർക്ക്

(ഇ) ഉപകരണം - 20 മാർക്ക്

### വഞ്ചിപ്പാട്ട്

(എ) താളം - 20 മാർക്ക്

(ബി) ശ്രുതി - 20 മാർക്ക്

(സി) പാട്ടുകാരുടെ ഒന്നിച്ചുള്ള ലയം - 20 മാർക്ക്

(ഡി) ഭാഷാശുദ്ധി - 20 മാർക്ക്

(ഇ) വായ്ത്താരി - 20 മാർക്ക്

## നങ്ങ്യാർക്കൂത്ത്

(എ) വേഷഭംഗി – 20 മാർക്ക്
(ബി) ശരീരസംസ്കാരം – 20 മാർക്ക്
(സി) മുദ്ര – 20 മാർക്ക്
(ഡി) രസപുഷ്ടി – 20 മാർക്ക്
(ഇ) രംഗാവതരണം – 10 മാർക്ക്
(എഫ്) താളബോധം – 10 മാർക്ക്

## ചവിട്ടു നാടകം

(എ) ചുവട് – 30 മാർക്ക്
(ബി) പാട്ട്, താളം – 20 മാർക്ക്
(സി) വേഷം – 20 മാർക്ക്
(ഡി) അഭിനയം – 15 മാർക്ക്
(ഇ) അവതരണം – 15 മാർക്ക്

## ഉറുദ്ദു ഗസൽ ആലാപനം

സാഹിത്യം (ഉറുദ്ദു) – 20 മാർക്ക്
ഉച്ചാരണശുദ്ധി – 15 മാർക്ക്
അവതരണഭംഗി – 15 മാർക്ക്
ശ്രുതി – 15 മാർക്ക്
ലയം – 15 മാർക്ക്
താളം – 10 മാർക്ക്
ഭാവം (ആശയഗ്രഹണം) – 10 മാർക്ക്

## ഉറുദ്ദു സംഘഗാനം

ശ്രുതി – 25 മാർക്ക്
സ്വരചേർച്ച – 25 മാർക്ക്
ലയം – 25 മാർക്ക്
താളം – 25 മാർക്ക്

ഉറുദ്ദു (കവിതാ രചന)

| | | |
|---|---|---|
| വിഷയബന്ധിതം | – | 25 മാർക്ക് |
| ഭാഷ (കാവ്യഭംഗി) | – | 25 മാർക്ക് |
| രചന വൈഭവം | – | 25 മാർക്ക് |
| താളഭംഗി | – | 25 മാർക്ക് |

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ).

പൊതുവിദ്യാഭ്യാസ സെക്രട്ടറി (with C/L).
പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ. മുഖാന്തിരം).
ഹയർ സെക്കണ്ടറി ഡയറക്ടർ (with C/L).
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ (with C/L).
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം.
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) (സി.എ. മുഖാന്തിരം).
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്) (സി.എ.മുഖാന്തിരം).
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
കരുതൽ ഫയൽ.